

10 മെയ് 2017

# കളരി

Vol : 40
No. 1

uniqvoice.blogspot.com

uniqvoice@gmail.com

കേരള സർവ്വകലാശാലാ കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പിന്റെ പരിശീലന പ്രസിദ്ധീകരണം


# കേരളം കൊടുംവരൾച്ചയിലേക്ക്

**അർത്ഥന എസ്.പി.**
**വീണാ വിജയൻ**

**തിരുവനന്തപുരം:** വേനൽ കടുത്തതോടെ കേരളം കടുത്ത ജലക്ഷാമത്തിലേക്ക്. മുൻപെങ്ങും ഉണ്ടായിട്ടില്ലാത്തവിധം ഗ്രാമീണ മേഖലകളിൽ പോലും വരൾച്ച പിടിമുറുക്കുന്നു. കുടിവെള്ള വിതരണത്തിന് കടുത്ത നിയന്ത്രണം ഏർപ്പെടുത്തിയതോടെ വീട്ടാവശ്യത്തിനുള്ള വെള്ളം പോലും കിട്ടാതെ നഗരവാസികൾ വലയുകയാണ്. വേനൽ മഴ കാര്യമായി ലഭിക്കുന്നുമില്ല. സ്ഥിതിഗതികൾ നേരിട്ട് കണ്ടറിയാനും വരൾച്ചയെ കുറിച്ച് പഠിക്കാനും കേന്ദ്രത്തിൽ നിന്നുള്ള പ്രത്യേക സംഘം കേരളം സന്ദർശിച്ചു.

ജലക്ഷാമംരൂക്ഷമായതോടുകൂടി ടാങ്കറിൽ വെള്ളമെത്തിച്ചു നൽകുന്നവർ പോലും അധികതുക ഈടാക്കാൻ തുടങ്ങി. ഫ്ളാറ്റുകളിലെ താമസക്കാരും സ്ഥാപനങ്ങളുമാണ് അക്ഷരാർത്ഥത്തിൽ ബുദ്ധിമുട്ടിലായത്. കൂടാതെ ആശുപത്രികളിലും ഹോട്ടലുകളിലും ജലദൗർലഭ്യം രൂക്ഷമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കഴിയുന്ന രോഗികളുടെ ശസ്ത്രക്രിയകൾ പോലും ജലദൗർലഭ്യം മൂലം മാറ്റിവക്കേണ്ടുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്.

അരുവിക്കരയിൽ നിന്നുള്ള പമ്പിങ് 25 ശതമാനം കുറച്ചതോടെയാണ് കുടിവെള്ളത്തിനായി നഗരവാസികൾ നെട്ടോട്ടമോടുന്നത്. എന്നാൽ നഗരം നേരിട്ടു കൊണ്ടിരിക്കുന്ന കടുത്ത കുടിവെള്ള ക്ഷാമം തീർക്കാൻ നെയ്യാറിലെ വെള്ളം കൊണ്ടേ കഴിയൂ.

നെയ്യാറിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് പൈപ്പിലൂടെയും തോട്ടിലൂടെയും ഒഴുക്കി അരുവിക്കരയിലെത്തിച്ച് ശുദ്ധീകരിച്ച് കുടിവെള്ളമായി നഗരത്തിലെത്തുന്ന മഹാദൗത്യം വിജയം കാണുമ്പോൾ അത് നഗരവാസികളുടെ ദാഹശമനിയായി മാറും.നഗരത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാൻ രണ്ട് ഡ്രഡ്ജറുകളും രണ്ട് പമ്പുകളും ഉപയോഗിച്ച് നെയ്യാറിൽ നിന്നു വെള്ളം അരുവിക്കരയിൽ എത്തിക്കുകയാണ് ഇപ്പോൾ. എന്നാൽ പൂർണമായ തോതിൽ ജലവിതരണം പുന:സ്ഥാപിക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. മറ്റു ജില്ലകളിലെ സ്ഥിതിയും വ്യത്യസ്തമല്ല.കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ശാസ്താംകോട്ട കായലിൽ നിന്നാണ് കൊല്ലം ജില്ലയിലാകെ കുടിവെള്ളമെത്തുന്നത്. കായലിലെ ജലനിരപ്പ് ഇത്രകണ്ട് കുറഞ്ഞ ഒരു വർഷമുണ്ടായിട്ടില്ല. പഞ്ചനക്ഷത്ര ഹോട്ടലുകൾക്കും കച്ചവട സ്ഥാപനങ്ങൾക്കും സ്റ്റേഡിയങ്ങൾക്കും ഫ്ളാറ്റുകൾക്കും ആശുപത്രികൾക്കുമൊക്കെയായി ആദ്യം നികത്തപ്പെട്ടതു തന്നെ തണ്ണീർത്തടങ്ങളാണ്.

ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും പല രാജ്യങ്ങളേയും പിടിച്ചുകുലുക്കിയപ്പോൾ ഇതൊന്നും കേരളത്തെ ബാധിക്കില്ലെന്നു പറഞ്ഞ് നിസ്സംഗരായി ഇരുന്നവർ ഇപ്പോൾ അന്ധാളിച്ചു നിൽക്കുകയാണ്. ഇക്കുറി കാലവർഷവും തുലാവർഷവും ഒന്നിച്ച് ഒഴിഞ്ഞു മാറിയതാണ് ഈ കടുത്ത കുടിവെള്ള ക്ഷാമത്തിന് കാരണം. കഴിഞ്ഞ അരനൂറ്റാണ്ടിലെ ഏറ്റവും



***ഒരിറ്റുവെള്ളത്തിനായി...*** **കോർപ്പറേഷൻ ടാപ്പിൽ ശുദ്ധജലമെത്തുന്നതും കാത്തിരിക്കുന്ന സ്ത്രീകൾ. നഗരത്തിൽ നിന്നൊരു കാഴ്ച.**

കടുത്ത വരൾച്ചയിലൂടെയാണ് കേരളം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്.നിർമ്മാണ രംഗത്തെ അഭൂതപൂർവമായ വർധനയും ജീവിത ശൈലിയിൽ വന്ന മാറ്റവും സംസ്ഥാനത്തിന്റെ ജല ഉപഭോഗം വൻതോതിൽ വർധിക്കാൻ കാരണമായിട്ടുണ്ട്. എന്നാൽ അതിനനുസരിച്ച് ജലം ലഭ്യമാകുന്നുമില്ല. സൂര്യാതാപസാധ്യതയും സംസ്ഥാനത്ത് കൂടിയിട്ടുണ്ട്. ഉച്ചക്ക് 11 മുതൽ 3 വരെ വെയിലിൽ പണിയെടുക്കുന്നവർക്ക് വിശ്രമം അനുവദിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ജലം അനാവശ്യമായി പാഴാക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ ശക്തമായ നിയമനടപടികളും നേരിടേണ്ടി വരും.

# മലയാളം ഇനി നിർബന്ധം

**ആസിഫ് അബ്ദുൽ കലാം**
**മിഥുല ശർമ**

**തിരുവനന്തപുരം:** സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും അടുത്ത അധ്യായന വർഷം മുതൽ മലയാളഭാഷാ പഠനം നിർബന്ധിതമാക്കുന്ന ഓർഡിനൻസിൽ ഗവർണർ പി. സദാശിവം ഒപ്പുവെച്ചു. കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ ഗവണ്മെന്റ്, എയിഡെഡ്, അൺഎയിഡെഡ്, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾക്കും നിയമം ബാധകമാണ്. ഉത്തരവ് പാലിക്കാതിരിക്കുന്ന സ്കൂളുകളിലെ പ്രിൻസിപ്പൽമാർ 5000 രൂപ പിഴ നൽകേണ്ടി വരുമെന്നും മുഖ്യമന്ത്രി മുന്നറിയിപ്പ് നൽകി.

ശ്രേഷ്ഠഭാഷാ പദവി നേടിയിട്ടും സ്വന്തം നാട്ടിലെ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും പോലും അവഗണന നേരിടുകയായിരുന്ന മലയാളത്തിന്റെ യശസുയർത്താനുള്ള നടപടികൾ ഊർജിതമാക്കുന്നതിന്റെ ഭാഗമാണിത്. മലയാളം സംസാരിക്കുന്നതിനും പഠിക്കുന്നതിനും ചില സ്കൂളുകളിൽ നിലനില്ക്കുന്ന 'അപ്രഖ്യാപിത' വിലക്കിന് തടയിടുക, അബദ്ധത്തിൽ മലയാളം സംസാരിച്ചു പോകുന്ന കുട്ടികളിൽ നിന്നും പിഴ ഈടാക്കുന്നത് പോലെയുള്ള പ്രവണതകൾ ഇല്ലാതാക്കുക എന്നിവയാണ് ഓർഡിനൻസിന്റെ മറ്റുലക്ഷ്യങ്ങൾ.





മറ്റുസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി പഠിക്കുന്ന വിദ്യാർഥികൾ പത്താം ക്ലാസ്സ് പാസാകാൻ മലയാളം പഠിച്ചിരിക്കണമെന്ന് നിർബന്ധമില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പല സ്കൂളുകളിലും മലയാളം സംസാരിക്കുന്നത് ഒഴിവാക്കണം എന്ന ബോർഡ് വരെ സ്ഥാപിച്ചിട്ടുള്ളതായി ആക്ഷേപം ഉണ്ടായിരുന്നു. ക്ലാസ്സ്മുറികളിൽ മലയാളം സംസാരിക്കുന്നതിൽ നിന്നും വിദ്യാർത്ഥികളെ വിലക്കുന്ന പ്രവണതയും അവസാനിപ്പിക്കും.

2012 ൽ മുൻസർക്കാറിന്റെ കാലത്ത് മലയാളം നിർബന്ധിതഭാഷയാക്കാനുള്ള നീക്കങ്ങൾക്ക് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് തടയിടുകയാണുണ്ടായത്. വിദ്യാർഥികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു എന്ന കാരണത്താൽ ആയിരുന്നു ഇത്. കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ തമിഴും കന്നഡയും പഠിപ്പിക്കുന്ന സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിന് വളരെ തുച്ഛമായ സൗകര്യങ്ങളാണ് നിലവിലുള്ളത്. ഈ സ്കൂളുകളെ ഉടൻ തന്നെ മലയാളപഠനത്തിനു സജ്ജമാക്കിയെടുക്കും. എന്നാൽ, കേരളത്തിലെ സ്കൂളുകളിൽ മലയാളികൾ മാത്രമല്ല പഠിക്കുന്നതെന്നും കന്നഡയും തമിഴും സംസാരിക്കുന്നവർക്ക് മലയാളം പഠിക്കാൻ താല്പര്യമുണ്ടാകില്ലെന്നും അത് അവരുടെ മേൽ അടിച്ചേൽപ്പിക്കരുതെന്നും ഓർഡിനൻസിനെ എതിർത്ത് സംസാരിക്കുകയായിരുന്ന കെ.എം മാണി സഭയിൽ അഭിപ്രായപ്പെട്ടു. എന്നാൽ, തീരുമാനവുമായി ശക്തമായി മുന്നോട്ട് പോകുവാനാണ് സർക്കാരിന്റെ തീരുമാനം. നിയമം നടപ്പിലാക്കാത്ത സ്കൂളുകൾക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കും.

മെയ് 1 മുതൽ എല്ലാ സർക്കാർ ഓഫീസുകളിലും മലയാളം നിർബന്ധമാക്കികൊണ്ടുള്ള ഉത്തരവിന് പിറകെയാണ് സ്കൂളുകളിലും മലയാളം നിർബന്ധമാക്കാനുള്ള തീരുമാനമുണ്ടായത്. സംസ്ഥാനത്ത് സർക്കാർ ജോലി നേടാൻ ആഗ്രഹിക്കുന്നവർക്കും ഇപ്പോൾ മലയാളഭാഷാപരിജ്ഞാനം കൂടിയേ തീരു.


അകലുന്ന പച്ചപ്പും ഉയരുന്ന ആശങ്കകളും
പേജ് 4



മാധ്യമങ്ങൾ സമൂഹത്തെ മറക്കരുത്
പേജ് 4

ഇത് ഞങ്ങളുടെ ആമി തന്നെ



പേജ് 6

# നഗരസുന്ദരിയാകാൻ പിങ്ക് ബസ് ഓടിത്തുടങ്ങി

**വീണാ വിജയൻ**




**തിരുവനന്തപുരം**: സ്ത്രീയാത്രികർക്ക് മാത്രമായി കെ.എസ്.ആർ.ടി.സിയുടെ പിങ്ക്ബസ്സുകൾ ഓടിത്തുടങ്ങി. സ്ത്രീകൾക്ക് സുരക്ഷിതമായ യാത്രാസൗകര്യം ഒരുക്കുക എന്നതാണ് പിങ്ക് ബസ് എന്ന ആശയത്തിന്റെ പ്രഥമ ലക്ഷ്യം. കിഴക്കേകോട്ടയിൽ നിന്ന് ആറ്റിങ്ങലിലേക്കും വെഞ്ഞാറമൂട്ടിലേക്കുമായി രണ്ടു ബസുകളാണ് ഓടിക്കുന്നത്. സ്ത്രീസൗഹൃദ ബസിന് പിങ്കും വെള്ളയും ഇടകലർന്ന നിറമാണ്.

തിരുവനന്തപുരത്തെ സെൻട്രൽ വർക്ക് ഷോപ്പിൽ നിന്നും പഴയ രണ്ട് ഓർഡിനറി ബസുകളാണ് ആദ്യ ഘട്ടത്തിൽ നിറം മാറ്റി ഇറക്കിയിരിക്കുന്നത്. സ്ത്രീ സുരക്ഷയുടെ ഭാഗമായി പിങ്ക് പോലീസ്, പിങ്ക് പട്രോളിങ് തുടങ്ങിയ പദ്ധതികൾ അടുത്ത കാലത്തു തുടങ്ങിയിരുന്നു ഇതിന്റെ മാതൃക പിന്തുടർന്നാണ് പിങ്ക് ബസ് നിരത്തിലിറങ്ങിയത്.


സ്ത്രീകൾക്ക് പിങ്ക് നിറത്തിനോടുള്ള താല്പര്യം കണക്കിലെടുത്താണ് ബസിനു ഈ നിറം നൽകിയിരിക്കുന്നത്. ഇതിനു മുൻപ് ആരംഭിച്ച ഷീ ടാക്സിക്കും ഇതേ നിറം തന്നെയായിരുന്നു. യാത്രക്കാരെ ആകർഷിക്കുന്നതിനായി പ്രത്യേക തരം ഡിസൈനുകളും ബസിൽ കാണാം. സ്ത്രീകൾക്കായി ലേഡീസ് ഒൺലി ബസുകൾ ഓടുന്നുണ്ടെങ്കിലും ബസിന്റെ നിറം മാറ്റി സ്ത്രീ സുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്ന സംരംഭം ഇതാദ്യമായാണ് കെ.എസ്.ആർ.ടി.സി മുന്നോട്ട് വയ്ക്കുന്നത്. പിങ്ക് ബസുകളെ ജനസൗഹൃദവും ആകർഷകവുമാക്കി കെ.എസ്.ആർ.ടി.സിയുടെ നഷ്ടം പരമാവധി നികത്തുക എന്നൊരു ലക്ഷ്യവും ഇതിനു പിന്നിലുണ്ട്.

കിഴക്കേകോട്ടയിൽ നിന്നും രാവിലെ 6.30 നാണ് പിങ്ക് ബസ് ആദ്യ സർവീസ് തുടങ്ങുന്നത്. വനിതാ കണ്ടക്ടർമാരാണ് പിങ്ക് ബസിന്റെ മറ്റൊരു പ്രത്യേകത. ഡ്രൈവർമാരായി വനിതകൾ ഇല്ലാത്തതിനാൽ ആ സ്ഥാനത്തു പുരുഷന്മാർ തന്നെ തുടരുന്നു. എന്നാൽ അധികം വൈകാതെ ആ സ്ഥാനവും സ്ത്രീകൾ കൈയടക്കുമെന്ന പ്രതീക്ഷയിലാണ്. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരത്താണ് ആദ്യമായി പിങ്ക് ബസുകൾ ഓടുന്നത് .ഈ ആശയം വിജയകരമായാൽ മറ്റു ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കാനുള്ള ശ്രമത്തിലാണ് കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥികൾക്ക് കൺസെഷൻ ആനുകൂല്യം പിങ്ക് ബസുകളിൽ ലഭ്യമല്ല. എന്നാൽ പുതുതായി ആരംഭിച്ച സീസൺ കാർഡ് ഉപയോഗിച്ചു യാത്രക്കാർക്കു പിങ്ക് ബസുകളിൽ യാത്ര ചെയ്യാവുന്നതാണ്. ഇത്തരത്തിൽ പിങ്ക് ബസുകളുടെ മുന്നേറ്റത്തിലൂടെ സ്ത്രീ സുരക്ഷ എന്ന സന്ദേശം കൂടി കെ.എസ്.ആർ.ടി.സി ജനങ്ങളിലേക്ക് എത്തിക്കുന്നു.

നഷ്ടത്തിലായ കെ.എസ്.ആർ.ടി.സിയെ പുനരുജ്ജീവിപ്പിക്കാനുള്ള വേറിട്ട ശ്രമങ്ങളുടെ ഭാഗമാണ് ഇതെന്നും കരുതപ്പെടുന്നു. പിങ്ക് ബസ്സുകളോടുള്ള ജനങ്ങളുടെ പ്രതികരണം എന്തെന്നറിയാൻ കാത്തിരിക്കുകയാണ് അധികൃതർ.

# പ്രകൃതിഭംഗിയും സാഹസികതയും കൈകോർത്തു ജടായുപ്പാറ

**അനോമ തോംസൺ ഡേവിഡ്**



ജടായുപ്പാറയുടെ ആകാശദൃശ്യം

**ചടയമംഗലം** :സീതയെ രാവണൻ ലങ്കയിലേക്ക് തട്ടിക്കൊണ്ട് പോകുമ്പോൾ, വഴിയിൽ തടഞ്ഞു നിർത്താൻ ശ്രമിച്ച ഭീമാകാരനായ ജഡായുപ്പക്ഷിയുടെ കഥ ഓർമയില്ലേ? രാവണൻ ചിറകരിഞ്ഞു വീഴ്ത്തിയ ജഡായു വന്നു പതിച്ചത് കൊല്ലം ജില്ലയിലെ ചടയമംഗലത്താണെന്നാണ് വിശ്വാസം. ജഡായു വന്നു വീണു എന്ന് കരുതപ്പെടുന്ന ആ പാറ കാലാന്തരത്തിൽ 'ജഡായുപ്പാറ' എന്നറിയപ്പെടാൻ തുടങ്ങി. ആ വിശ്വാസമാണ് ചടയമംഗലം ദേശത്തെ ഭാവിയിൽ വലിയ സാധ്യതകളുള്ള ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാൻ പോകുന്നത്.

പ്രശസ്ത സംവിധായകനും ശില്പിയുമായ രാജീവ് അഞ്ചലിന്റെ ആശയത്തിൽ വിരിഞ്ഞ ജഡായു പാർക്ക്, 2016 ലാണ് സന്ദർശകർക്കായി ആദ്യം തുറന്നുകൊടുത്തത്. 65 ഏക്കറിൽ ചിറകു വിരിച്ചു നിൽക്കുന്ന ജഡായുവിന് 150 അടി വീതിയും 70 അടി ഉയരവുമുണ്ട്. ഭൂതലത്തിൽ നിന്നും 1000 അടി പൊക്കത്തിൽ 15000 ചതുരശ്ര അടിയുള്ള പ്രതലത്തിലാണ് പാർക്ക് സ്ഥിതിചെയ്യുന്നത്. ലോകത്തിലെ ഏറ്റവും വലിയ പക്ഷിപ്രതിമയാണ് ഇവിടെ കലയുടെയും ചരിത്രത്തിന്റെയും രൂപമായി ഈ പാറപ്പുറത്ത് ശയിക്കുന്നത്. ജഡായുവിന്റെ ഒരു ചിറകിനുള്ളിൽ ഒരു 6ഡി തിയറ്ററും തയാറായികൊണ്ടിരിക്കുകയാണ്. ജഡായുപ്പാറയിൽ നിലനിന്നിരുന്ന ഒരു ഗുഹയെ ആധുനിക സൗകര്യങ്ങളുള്ള ആയുർവേദചികിത്സാ റിസോർട്ട് ആക്കി മാറ്റുകയും ചെയ്തിരിക്കുന്നു. ജഡായുപ്പാറ കാണാൻ എത്തുന്ന സഞ്ചാരികൾക്ക് വിനോദത്തിനായി ഒരു സാഹസികപാർക്കും ഒരുക്കിയിരിക്കുന്നു. ജഡായു നേച്ചർ പാർക്കിൽ എത്താൻ കേബിൾ കാറും സജ്ജമാക്കിയിട്ടുണ്ട്.

ജഡായുപ്പരുന്ത് നിലംപതിച്ചപ്പോൾ അതിന്റെ ചുണ്ട് തട്ടിയ പാറയുടെ ഭാഗത്ത് ഒരു കുഴി രൂപപ്പെടുകയും അവിടെയാണ് ഇപ്പോൾ വേനൽ കാലത്ത് പോലും വെള്ളം തങ്ങിനിൽക്കുകയും ചെയ്യുന്നതെന്ന് കരുതപ്പെടുന്നു. ചിറകറ്റുവീണ ജഡായുപ്പരുന്ത് ശ്രീരാമൻ സീതയെ അന്വേഷിച്ച് ഇവിടെ എത്തുന്നത് വരെ ജീവനോടെ കിടന്നു എന്നാണ് വിശ്വാസം. ശ്രീരാമന്റേതെന്നു കരുതുന്ന ഒരു കാല്പാടും ഇവിടെയുണ്ട്. ഗുഹകളിലൂടെയും പാറകളിലൂടെയുമുള്ള സാഹസികയാത്ര വിനോദസഞ്ചാരികൾക്ക് രസകരമായ ഒരനുഭവമാണ് സമ്മാനിക്കുന്നത്. അതിനാൽ തന്നെ ഓരോ ദിവസവും ഇവിടേക്ക് എത്തുന്ന സഞ്ചാരികളുടെ എണ്ണം കൂടിക്കൊണ്ടേ ഇരിക്കുന്നു, വടക്കേ ഇന്ത്യയിൽ നിന്നുള്ള രാമഭക്തരായ തീർഥാടകരും കൂട്ടത്തോടെ ജഡായുപ്പാറ കാണാൻ എത്തുന്നുണ്ട്. എന്തായാലും കൊല്ലം ജില്ലയിലെ ഈ ജഡായു വീരൻ കേരളത്തിന്റെ ടൂറിസത്തിനൊരു പൊൻതൂവലാകുമെന്ന കാര്യത്തിൽ സംശയമില്ല.

# മഷിത്തണ്ട് കൊണ്ട് തീർത്ത ജീവചിത്രങ്ങൾ!

**റാൾഫ് റോബർട്ട്**

ടാറ്റൂ അഥവാ പച്ചകുത്തൽ കേരളത്തിലെ യുവതലമുറയുടെ ഹരമായി മാറുകയാണ് ഇപ്പോൾ. ഒരു കാലത്ത് വളരെ യാദൃശ്ചികമായി മാത്രം കാണാൻ കഴിഞ്ഞിരുന്ന ടാറ്റൂ ഇപ്പോൾ ഒരുപാട് പേരുടെ ശരീരങ്ങളെ അലങ്കരിച്ചിരിക്കുന്നതായി കാണാം. ടാറ്റൂപതിപ്പിക്കാനായി കാത്തുനിൽക്കുന്നവരുടെ എണ്ണം ദിനംപ്രതി കൂടിവരുന്ന സാഹചര്യം, കേരളത്തിലെ യുവതലമുറയ്ക്കിടയിൽ ടാറ്റൂവിനു കൈവന്ന സ്വീകാര്യതയുടെ തെളിവാണ്.

ടാറ്റൂ എന്നത് മലയാളികൾക്ക് ഒരു പുതുമയല്ല. വർഷങ്ങൾക്കു മുൻപും കേരളത്തിൽ ടാറ്റൂധാരികൾ ഉണ്ടായിരുന്നു. യുവാക്കളാണ് ഏറ്റവും വലിയ ടാറ്റൂ പ്രിയർ എന്ന് ഒറ്റ നോട്ടത്തിൽ നമുക്ക് തോന്നാമെങ്കിലും 50നും 70നും ഇടയിൽ പ്രായമുള്ള, ദേഹത്ത് ടാറ്റൂ ഉള്ള ഒരുപാട് മുത്തശ്ശിമാരെയും മുത്തശ്ശന്മാരെയും നമുക്ക് കാണാൻ കഴിയും എന്നതാണ് സത്യം! പണ്ടൊക്കെ പ്രണയിക്കുന്ന ആളുകളുടെ പേരും, ഇഷ്ടദൈവങ്ങളുടെ രൂപങ്ങളും ഒക്കെയായിരുന്നു പച്ചകുത്തിയിരുന്നതെങ്കിൽ ഇപ്പോൾ അതിന്റെ സ്ഥാനത്ത് 'ന്യൂ സ്കൂൾ ഡിസൈൻസ്' എന്നറിയപ്പെടുന്ന കോയി ഫിഷ്', മാലാഖ, 'ഓം'നുള്ളിലെ ശിവൻ' എന്നിവയ്ക്കാണ് ആവശ്യക്കാർ ഏറെ.

കാലത്തിനൊപ്പം സഞ്ചരിക്കുന്ന അനേകായിരം കലകൾ പോലെ തന്നെ ടാറ്റൂ എന്ന കലയും വളർന്നു. മുൻപ് സൂചിയിൽ മഷിനിറച്ച് അത് ശരീരത്തിൽ ആവർത്തിച്ച് കുത്തി ചെയ്തിരുന്ന രീതി ഇന്നില്ല. അണുബാധയുണ്ടാകാനുള്ള സാധ്യതയായിരുന്നു ഈ രീതിയിൽ പച്ചകുത്തുമ്പോൾ ഉണ്ടായിരുന്ന ദോഷം. എന്നാൽ ഇന്ന് സുരക്ഷിതമായ ടാറ്റൂ മെഷീനുകളും അത് ഉപയോഗിക്കാൻ ശാസ്ത്രീയമായ മാർഗങ്ങളും നിലവിലുണ്ട്. ഒരാളുടെ ദേഹത്ത് ഉപയോഗിച്ചതിന് ശേഷം സുരക്ഷിതമായി നശിപ്പിച്ചുകളയാവുന്ന ഡിസ്പോസബിൾ നീഡിലുകൾ വന്നതോടെ ടാറ്റൂ ഇടുന്നത് വഴി ഉണ്ടാകാൻ സാധ്യതയുള്ള പകർച്ചാവ്യാധികൾക്കും വിരാമമായി.

സുരക്ഷിതവും ആരോഗ്യകരവുമായ രീതികളിലൂടെ പച്ചമഷി കൊണ്ട് സ്വന്തം ശരീരത്തെ കാൻവാസ് ആക്കിമാറ്റാൻ ആഗ്രഹിക്കുന്നവർക്ക് തുണയായി ഇന്ന് ധാരാളം സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. എന്നിരുന്നാലും ദേഹത്ത് ടാറ്റൂകുത്തുന്നത് ഇപ്പോഴും ചിലവേറിയ ഒരു പരിപാടിയാണ്. അതിന്റെ പ്രധാന കാരണം ടാറ്റൂ ചെയുന്ന മഷീനും മഷിയുമെല്ലാം വിദേശ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യണം എന്നുള്ളത് തന്നെയാണ്. 500രൂപ മാത്രം വിദേശമാർക്കറ്റിൽ വിലവരുന്ന ടാറ്റൂ ഇങ്ക്



പല ടാറ്റൂ ആർട്ടിസ്റ്റുകളും 1500 മുതൽ 2000 രൂപ വരെ കൊടുത്തു വാങ്ങിക്കേണ്ട ഗതികേടിലാണ് ഇപ്പോൾ. അതുകൊണ്ട് തന്നെ ടാറ്റൂ ആർട്ടിസ്റ്റുകൾ ലാഭം കിട്ടാൻ കൂടുതൽ ചാർജ് ഈടാക്കാനും നിർബന്ധിതരാകുന്നു. ടാറ്റൂ എന്ന ട്രെൻഡ് വളരുന്നതോടൊപ്പം കൂടെ ഒരുപാട് പുതിയ ടാറ്റൂ ആർട്ടിസ്റ്റുകളും നമ്മുടെ നാട്ടിലും വരുന്നു എന്നുള്ളത് പ്രതീക്ഷ നൽകുന്ന ഒരു വസ്തുതയാണ്.

ഇതിനെല്ലാം ഉപരി ടാറ്റൂ ധരിക്കുന്നതുമായി ബന്ധപെട്ട് മലയാളികൾ വെച്ചുപുലർത്തുന്ന തെറ്റിദ്ധാരണകളും മിഥ്യകളും മാറേണ്ടതും അനിവാര്യമാണ്. ടാറ്റൂ ധരിച്ചിട്ടുള്ളവർക്ക് വിദേശത്തേയ്ക്ക് യാത്ര പോകാൻ അനുമതി കിട്ടില്ല എന്നുള്ളതാണ് അവയിൽ ഏറവും വലിയ തെറ്റിധാരണകളിൽ ഒന്ന്. ടാറ്റൂ ധരിക്കുന്നത് അസഹനീയമായ വേദനയുളവാക്കുന്ന പ്രക്രിയയാണ് എന്ന പ്രചാരണവും തെറ്റാണ്. ടാറ്റൂ കുത്തുമ്പോൾ നേരിയ വേദനയുണ്ടാകും എന്നത് ശരി തന്നെയാണ്. കാരണം മരിക്കുമ്പോഴും നമ്മൾ കൂടെ കൊണ്ട് പോകുന്ന ഒന്നാണ് ടാറ്റൂ. ജീവിതാവസാനം വരെ നമ്മളോടൊപ്പം കൂട്ടുവരുന്ന എല്ലാത്തിനും പിറകിൽ ഏറെ അധ്വാനവും ത്യാഗവും സഹിക്കേണ്ടിവരും എന്നത് പോലെ തന്നെ, ടാറ്റൂ കുത്തുമ്പോഴും കുറച്ചു വേദന സഹിക്കേണ്ടി വരും. അത് താൽക്കാലികം മാത്രമാണ്. ഇതുപോലുള്ള ചെറിയ വേദനകൾ സഹിക്കാൻ കെൾപ്പുള്ളവർക്ക് മാത്രമേ ജീവിതത്തിന്റെ ലഹരിയെന്തെന്നറിയാനുള്ള ഭാഗ്യമുള്ളൂ എന്ന് നിസ്സംശയം പറയും ഇന്നത്തെ തലമുറ!

പുരുഷന്മാർ മാത്രമല്ല ഇന്ന് ടാറ്റൂവിന്റെ ആരാധകർ ഒട്ടേറെ പെൺകുട്ടികളും ഇന്ന് ടാറ്റൂ ധരിച്ചു തുടങ്ങിയിരിക്കുന്നു മിനിമലിസ്റ്റിക്ക് (ലളിതമായ) ഡിസൈനുകളോടാണ് ഇന്നേവർക്കും പ്രിയം. ടാറ്റൂ ധരിക്കാൻ എന്നത് പോലെ തന്നെ ടാറ്റൂ കുത്തുന്ന ആൾക്കും അസാമാന്യധൈര്യവും ശ്രദ്ധയും കഴിവും വേണം. ഒരായുഷ്കാലം മുഴുവൻ ഒരാളുടെ ശരീരത്തിൽ അവശേഷിക്കുന്ന ദൃഢനിശ്ചയത്തിന്റെ അടയാളമാണ് ഓരോ ടാറ്റുവും. വിദഗ്ധനായ ഒരു ടാറ്റൂ ആർടിസ്റ്റിന്റെ സാമീപ്യമുണ്ടെങ്കിൽ പച്ചകുത്തൽ നല്ലൊരു അനുഭവം തന്നെയായിരിക്കും. ഉറച്ചവ്യക്തിത്വത്തിന്റെയും ജീവിതത്തിൽ ശക്തമായ തീരുമാനങ്ങൾ എടുക്കാനുള്ള കഴിവിന്റെയും ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുമുള്ള ഒരു മനസിന്റെയും തെളിവാണ് പച്ചകുത്തൽ എന്നിപ്പോൾ പരക്കെ വിശേഷിപ്പിക്കപ്പെടുന്നു.

ചീഫ് എഡിറ്റർ : ഡോ.എം.എസ്. ഹരികുമാർ. ഫാകൽറ്റി എഡിറ്റർ : ജെ. മാഗി.

സ്റ്റുഡന്റ് എഡിറ്റേഴ്സ് : അനന്തു ആർ നായർ | അർത്ഥന എസ്.പി | ആസിഫ് അബ്ദുൽ കലാം | മിഥുല ശർമ | വീണാ വിജയൻ

എഡിറ്റോറിയൽ അസിസ്റ്റന്റ് : സിനില ഡി.ബി.എസ്. ലേയൗട്ട് & ഡിസൈൻ : ആസിഫ് അബ്ദുൽ കലാം

www.dcjku.in | uniqvoice.blogspot.in | dcjkerala@gmail.com

# ഇത്തിരി ദേശങ്ങളിലൂടെ, ഒത്തിരി വിശേഷങ്ങളുമായി...

**തസ്നീം മുഹമ്മദ്**

**തിരുവനന്തപുരം**: കേവലം ആസ്വാദനത്തിനപ്പുറം, സാമൂഹികവും,സാംസ്കാരികവും രാഷ്ട്രീയപരവുമായ ചില ചോദ്യങ്ങൾക്കും ചിന്തകൾക്കുമുള്ള ഉത്തരം തേടിയുള്ള അന്വേഷണങ്ങൾ ഒടുവിൽ മനസ്സിന് സംതൃപ്തി നൽകുന്ന യാത്രകളിൽ അവസാനിക്കും. ഇങ്ങനെയാണ് തിരുവനന്തപുരം സ്വദേശി അഷ്കർ കബീറിന്റെ ഓരോ യാത്രകളുടെയും തുടക്കം. കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച 'ഇത്തിരി ദേശങ്ങൾ ഒത്തിരി വിശേഷങ്ങൾ' എന്ന പുസ്തകം സഞ്ചാരത്തിലും സാഹിത്യത്തിലും വ്യത്യസ്തമായൊരു സാന്നിധ്യമായി അഷ്കറിനെ മാറ്റുകയാണ്.

ഇന്ത്യയിലെ 24 സംസ്ഥാനങ്ങളുൾപ്പെടെ നിരവധി സ്ഥലങ്ങൾ ഇതിനകം സന്ദർശിച്ചുകഴിഞ്ഞ അഷ്കറിന്റെ യാത്രകൾ, ന്യൂജനറേഷൻ സഞ്ചാരസങ്കല്പങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്.യാത്രാനുഭവങ്ങൾ ഒരു പുസ്തകമായി മാറാൻ കാരണം നവമാധ്യമങ്ങളിലെ ഇടപെടലുകൾ തന്നെയാണ്. ഓരോ യാത്രക്കൊടുവിലും പരിചയപെട്ട പുതിയ ഇടങ്ങളും, മുഖങ്ങളും അവരുടെ കഥകളും ഫേസ്ബുക്കിൽ കുറിച്ചിട്ടു. കേവലം എഴുത്തിനപ്പുറം യാത്രകളോട് നീതി പുലർത്തുന്ന അനുഭവങ്ങൾ ഫേസ്ബുക്ക് പോസ്റ്റുകളായിഎത്തിയപ്പോൾ സുഹൃത്തുക്കൾ അത് ഇരുകൈയും നീട്ടി സ്വീകരിച്ചു. അവരുടെ പ്രചോദനവും നിർബന്ധവും അഷ്കർ കടന്നുപോയ ഇത്തിരി ദേശങ്ങളുടെ ഒത്തിരി വിശേഷങ്ങൾ പങ്കുവെക്കുന്ന ഒരു പുസ്തകമായി പരിണമിച്ചു. വായനക്കാരന് വ്യത്യസ്തമായ ഒരു വായനാനുഭവം പ്രദാനം ചെയ്യുന്ന ഈ സഞ്ചാരസാഹിത്യകൃതിയേയും മലയാളികൾ നിറമനസ്സോടെ സ്വീകരിച്ചു.



**മണിപ്പൂർ സന്ദർശനത്തിനിടെ ഇറോം ഷർമിളയോടൊപ്പം അഷ്കർ.**

എഴുത്തിലൂടെതാൻകടന്നുപോയ ഇടങ്ങളിലെ സാംസ്കാരിക, രാഷ്ട്രീയ ചിത്രങ്ങളിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ട് പോകുവാനാണ് ഇദ്ദേഹം ആഗ്രഹിക്കുന്നത്.

എം.ടിയുടെ 'മഞ്ഞി'ലൂടെ നൈനിറ്റാളിലേക്കെത്തിയ അഷ്കറിന് ഒരിക്കലും മടുക്കാത്ത ഇടമായി അവിടം മാറി. കുടജാദ്രിയിലേക്കെത്തിച്ചത് സംഗീതമാണെങ്കിൽ മാൽഗുഡിയെ കുറിച്ച് തിരയാൻ പ്രേരിപ്പിച്ചത് കർണാടകയിലെ ഒരു ഗ്രാമമായിരുന്നു. ഇന്ത്യയുടെ വടക്ക് കിഴക്കൻ ഭാഗത്തെ ജനതയുടെ കലാ പാരമ്പര്യമാണ് അഷ്കറിനെ അവിടേക്ക് ആകർഷിച്ചത്. മണിപ്പൂരിലെ അസ്വസ്ഥമായ സാമൂഹികാന്തരീക്ഷം കണ്ടറിഞ്ഞ അഷ്കർ, ആ മണ്ണിന്റെ സ്പന്ദനം ഉൾക്കൊള്ളുന്ന 'ബോഡി വിത്തൌട്ട് സോൾ' എന്ന ഒരു ഡോക്യുമെന്ററി നിർമിച്ചു. അഫ്സ്പയും വ്യാജ ഏറ്റുമുട്ടലുകളും അനാഥത്വവും ചേർന്ന് ശക്തരാക്കിയ പെൺജീവിതങ്ങളെ ഈ ഡോകുമെന്ററി പരിചയപ്പെടുത്തുന്നു. ഇത്രയേറെ കരുത്തുറ്റ സ്ത്രീകളെ താൻ മറ്റൊരിടത്തും കണ്ടിട്ടില്ലെന്ന് അഷ്കർ പറയുന്നു.

ഇങ്ങനെ സിനിമയും സംഗീതവും സാഹിത്യവും രാഷ്ട്രീയവും ഇടകലർന്ന യാത്രകളുടെ കഥകളാണ് ഇദ്ദേഹം തന്റേതായ ശൈലിയിൽ എഴുത്തിലൂടെ പറയുന്നത്. ഇപ്പോൾ തായ്‌ലാൻഡ്, കംബോഡിയ വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുകയാണ് അഷ്കർ. ജീവിതത്തിന് വ്യത്യസ്തമായ നിറങ്ങളും കാഴ്ചകളും കാഴ്ചപ്പാടുകളും നൽകുന്ന യാത്രകളുടെ ലോകത്തിലൂടെ മുന്നേറുകയാണ് ഈ സഞ്ചാരപ്രേമി.

# സദാചാരം പോലീസ് പഠിപ്പിക്കും

**വിവേക് ജി രാജ്**

**തിരുവനന്തപുരം**: കനകക്കുന്ന് കൊട്ടാരത്തിലും മ്യൂസിയത്തിലുമൊക്കെ സദാചാരരീതികൾ ഇനി പോലീസ് പഠിപ്പിക്കും! 'പിങ്ക് പോലീസ്' എന്ന സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ഇപ്പോൾ നഗരവാസികൾക്ക് തലവേദനയാകുന്നത്. സംശയത്തിന്റെ പേരിൽ ഇവിടെയെത്തുന്ന പലരെയും പോലീസ് സ്റ്റേഷനിൽ കൊണ്ട് പോയി ചോദ്യം ചെയ്ത് വിട്ടയക്കുന്നത് ഇപ്പോൾ പതിവാണ്. ആത്മാഭിമാനമുള്ള ആർക്കും ഇവിടെ വന്നു സ്വൈരമായി ഇരിക്കാൻ കഴിയാത്ത സാഹചര്യമാണിപ്പോൾ. സദാചാരവിരുദ്ധരെ കണ്ടെത്താനെത്തുന്ന വനിതാപോലീസുകാരുടെ മുന്നിൽ സുഹൃത്തുക്കളുമായ് എത്തുന്ന വിദ്യാർത്ഥികൾക്ക് പോലും തിരിച്ചറിയൽ രേഖ സമർപ്പിക്കേണ്ട ഗതികേടാണുള്ളത്. ഭാര്യയും ഭർത്താവുമായി എത്തിയാൽ പോലും വിവാഹ സർട്ടിഫിക്കറ്റും റേഷൻ കാർഡും കാണിക്കേണ്ട അവസ്ഥ. ഇവിടങ്ങളിൽ ഈയിടെയായി ധാരാളം അനാശാസ്യ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് എന്നാണ് പോലീസ് ഭാഷ്യം. എന്നാൽ, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കൂടിവരുമ്പോഴും സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് കാര്യമായ നടപടികൾ ഉണ്ടാകുന്നില്ല എന്ന് പരക്കെ ആക്ഷേപമുണ്ട്. ഇതിനെതിരെ മനുഷ്യാവകാശ പ്രവർത്തകർ ഉൾപ്പടെ മുന്നിട്ടിറങ്ങിയിരിക്കുകയാണ് ഇപ്പോൾ.

# മാർഗി മനോഹരം

**പാർവ്വതി ആർ എസ് നായർ**

**തിരുവനന്തപുരം**: കോട്ടയ്ക്കകം ദേവസ്വം ബോർഡ് വക വേട്ടയ്ക്കൊരുമകൻ ക്ഷേത്ര കെട്ടിട സമുച്ചയത്തിൽ കടന്നു ചെല്ലുമ്പോൾ ചൊല്ലിയാട്ടത്തിന്റെ താളമാണ് നമ്മെ വരവേൽക്കുന്നത്. ഗുരുകുല സമ്പ്രദായം ഇന്നും തുടർന്നു പോരുന്ന മാർഗി തിയറ്റർ കേരളത്തിന്റെ ക്ഷേത്ര കലകളുടെ വളർച്ചയ്ക്കായി സ്ഥാപിതമായതാണ്. മാർഗിയിൽ പ്രധാനമായും കഥകളി, കൂടിയാട്ടം, ചാക്യാർകൂത്ത്, നങ്ങ്യാർകൂത്ത്, പാഠകം എന്നീ കലകൾ പ്രചരിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

1955ലെ തിരുവിതാംകൂർ കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് നിയമ പ്രകാരമാണ് തിരുവനന്തപുരത്ത് 1971 ൽ മാർഗി സ്ഥാപിതമായത്. കൂടിയാട്ടം വിഭാഗം ആരംഭിച്ചകാലം മുതൽ പ്രവർത്തിക്കുന്നത് വലിയശാല മഹാദേവർ ക്ഷേത്രത്തിന് സമീപമുള്ള ദേവസ്വം ബോർഡ് വക നമ്പിമഠം കെട്ടിടത്തിലാണ്.

കഥകളി വിഭാഗത്തിൽ ഇരുപത്തിയാറു കലാകാരൻമാരാണ് പ്രവർത്തിക്കുന്നത്. മാർഗിയിൽ കൃത്യമായി ചൊല്ലിയാട്ടം നടക്കുന്നു. അപ്രകാരം ചൊല്ലിയാടിയ കഥകൾ മാർഗിയിൽ വിശദമായ രീതിയിൽ അവതരിപ്പിക്കുകയും ചെയ്തുവരുന്നു. പ്രേക്ഷകർക്ക് പ്രവേശനം സൗജന്യമാണ്.

അനേകം വിനോദസഞ്ചാരികൾ ഈ പരിപാടികൾ നിരന്തരം വന്നു കണ്ട് അഭിനന്ദിക്കാറുണ്ട്. അങ്ങനെ വിനോദസഞ്ചാരതാൽപര്യങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുന്നു. ഇവിടത്തെ പരിപാടികൾ ഒന്നിലേറെ തവണ കേരള ഗവർണറായിരുന്ന ശ്രീമതി ഷീലാദീക്ഷിത് ഉൾപ്പെടെ പലപ്രമുഖരും കുടുംബസമേതം കാണുകയും അകമഴിഞ്ഞ് പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കലാസ്വാദകരുടെയും വിദേശ നയതന്ത്ര ഉദ്യോഗസ്ഥരുടെയും സവിശേഷ ശ്രദ്ധയ്ക്കും പ്രശംസയ്ക്കും പാത്രമായിട്ടുണ്ട്. ഇതുകൂടാതെ ശനി, ഞായർ ദിവസങ്ങളിൽ സ്കൂൾ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥീ വിദ്യാർത്ഥിനികൾക്ക് കഥകളിവേഷം, ചെണ്ട, മദ്ദളം, പാട്ട്, ചുട്ടി എന്നീ വിഷയങ്ങളിൽ സൗജന്യമായി ക്ലാസ്സുകളും നടത്തിവരുന്നു.

# വരകളിൽ വർണമായി ഖസാക്കിൻെറ ഇതിഹാസം

**അനില എസ്**

**കൊല്ലം**: ഖസാക്കിന്റെ ഇതിഹാസമെന്ന നോവൽ അക്ഷരങ്ങളിൽ നിന്നും വരകളിലേക്ക് പലായനം ചെയ്യപ്പെട്ടപ്പോൾ അതൊരു ചിത്രകാരന്റെ ധ്യാനപുണ്യമായി ക്യാൻവാസിൽ നിറഞ്ഞു .കൊല്ലം ആശ്രാമം പാർക്കിലെ 'എയിറ്റ് പോയിന്റ് ആർട്ട് കഫെ'യിൽ ആരംഭിച്ച 'മൈൻഡ് സ്കേപ്സ് ഓഫ് എ റീഡർ' എന്ന് പേര് നൽകിയിരിക്കുന്ന ചിത്രപ്രദർശനം ശ്രദ്ധേയമാകുന്നു. സലീം ബാബു എന്ന അധ്യാപകന്റെ ചിത്രങ്ങളാണ് ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നത്.

അപ്പുക്കിളിയെയും രവിയെയും ഖസാക്കിൻെറ കഥയെയും ഈ ചിത്രങ്ങൾക്കുള്ളിൽ അദ്ദേഹം ആവാഹിച്ചിരി ക്കുന്നു. അത് തൻെറ പത്തൊൻപത് ചിത്രങ്ങളിലും പ്രകടമാക്കിയിട്ടുണ്ട്. ഇതിനായി ആവർത്തിച്ച് ആവർത്തിച്ചുള്ള വായന വേണ്ടിവന്നുവെന്ന് അദ്ദേഹം പറഞ്ഞു. കൊല്ലം സ്വദേശിയായ സലിം ബാബു മുൻപും പല വേദികളിലും തന്റെ ചിത്രങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതാദ്യമായാണ് ഒരു നോവലിനെ ആധാരമാക്കിയിട്ടുള്ള ചിത്രപ്രദർശനം ഒരുക്കിയിരിക്കുന്നത്. കഥയോളം ,അല്ലെങ്കിൽ കഥയേക്കാൾ അപ്പുറം ഒ.വി. വിജയൻ എന്ന എഴുത്തുകാരൻ തന്നെ സ്വാധീനിച്ചിരുന്നതായും സലീംബാബു പറയുന്നു.



**സലിം ബാബുവിന്റെ ചിത്രങ്ങൾ**

ഖസാക്ക് എന്ന അപരിഷ്കൃതഗ്രാമവും നിരന്തരം പാപങ്ങളിലേക്ക് വീണുകൊണ്ടിരുന്ന രവിയും ബുദ്ധിവൈകല്യമുള്ള അപ്പുക്കിളിയും നിഷ്കളങ്കയായ കുഞ്ഞാമിനയുമെല്ലാം വരകൾക്കിടയിലൂടെ വന്നു തൊടുംപോലെ ഒരനുഭവം ആസ്വാദകരിൽ ഉളവാക്കുന്നു. ഖസാക്കിന്റെ ഇതിഹാസം എന്ന നോവൽ മലയാളഭാഷാസാഹിത്യത്തിന് പുത്തൻ മാനങ്ങളും അർഥങ്ങളുമാണ് പകർന്നു നൽകിയത്. അപ്രകാരം തന്നെ ഈ ചിത്രങ്ങളും കേവലം ഒരു ആസ്വാദനത്തിനുമപ്പുറത്തേക്ക് നമ്മെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു.

ഉള്ളിലെ നെരിപ്പോടിൽ ഊതിക്കാച്ചിയ വരകൾക്കും വർണങ്ങൾക്കും വെയിലേൽക്കാതെ തന്നെ എന്തെന്നില്ലാത്ത തിളക്കം കൈവരുന്നത് പോലെ. ഓരോ ചിത്രത്തിനരികിലും ആ ചിത്രത്തിന് പിന്നിലെ പശ്ചാത്തലം വിവരിക്കുന്ന ചെറുകുറിപ്പുകൾ നൽകിയിട്ടുണ്ട്. രണ്ട് ആഴ്ച നീണ്ടു നിന്ന പ്രദർശനം സ്വദേശീയരും വിദേശികളും ഉൾപ്പെടെ സമൂഹത്തിൻെറ നാനാതുറകളിൽ ഉള്ള ധാരാളം പേർ സന്ദർശിച്ചതായി സംഘാടകർ പറഞ്ഞു.

# മതസൗഹാർദ്ദത്തിന്റെ സന്ദേശമുണർത്തി കടയ്ക്കൽ തിരുവാതിര

**ഷഹാന എ. ആർ.**

**കൊല്ലം**: മറ്റു ക്ഷേത്രങ്ങളിൽ നിന്നു വ്യത്യസ്തമായ പുരാണങ്ങളിലുടെയും വിശ്വാസങ്ങളിലുടെയും പ്രസിദ്ധിയാർജിച്ച ക്ഷേത്രമാണ് കടയ്ക്കൽ ദേവി ക്ഷേത്രം. കൊല്ലം ജില്ലയുടെ കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന ചെറിയൊരു പട്ടണമാണ് കടയ്ക്കൽ. അവിടെ നിലകൊള്ളുന്ന കേരളത്തിലെ ഏറ്റവും പുരാതനമായ ക്ഷേത്രങ്ങളിൽ ഒന്നാണിത്. ഈ ക്ഷേത്രത്തിൽ ഒരു പ്രതിഷ്ഠ ഇല്ല എന്നുള്ളത് തന്നെയാണ് ഇവിടുത്തെ ഏറ്റവും വലിയ പ്രത്യേകത. ആണ്ടുതോറും നടക്കാറുള്ള ഈ ക്ഷേത്രത്തിലെ ഏറെ പ്രശസ്തമായ ഉത്സവം അറിയപ്പെടുന്നത് 'കടയ്ക്കൽ തിരുവാതിര' എന്ന പേരിലാണ്. പത്ത് ദിവസം നീണ്ടു നിൽക്കുന്ന, വർണ്ണാഭവും ജനകീയവുമായ ഒരുത്സവമാണ് കടയ്ക്കൽ തിരുവാതിര. ദേവിയുടെ തിരുനാളായാണു തിരുവാതിര ആഘോഷിക്കുന്നത്.

വൈദ്യുതി ദീപങ്ങൾ അണിയിച്ചൊരുക്കിയും മറ്റു വർണ്ണവിസ്മയ കാഴ്ച്ചകൾ തീർത്തും ക്ഷേത്രാങ്കണവും പട്ടണവും കണ്ണിനുവിരുന്നൊരുക്കും. പതിനായിരക്കണക്കിന് ഭക്തജനങ്ങൾ ആണ് ഓരോ വർഷവും ഉത്സവത്തിന് കടയ്ക്കൽ ദേവിസന്നിധിയിൽ എത്തുന്നത്. ആയിരകണക്കിന് സ്ത്രീകൾ ക്ഷേത്രനടയിൽ പൊങ്കാല അർപ്പിക്കുന്നതോടെയാണ് ഉത്സവം ആരംഭിക്കുന്നത്. ഉത്സവം തുടങ്ങുന്നതിനു മുന്നോടിയായി കുട്ടികളുടെ കുത്തിയോട്ടവും മുതിർന്നവരുടെ കുതിരയെടുപ്പും നടന്നുവരുന്നു. അതിനൊപ്പം വർണ്ണാഭമായ ഘോഷയാത്രയും. ഉത്സവം അവസാനിക്കുന്നത് ആത്മീയമായ ആചാരക്രമമായ ഗുരുസിലുടെയാണ്. ഉത്സവത്തിന്റെ ഭാഗമായി പന്ത്രണ്ടു വർഷത്തിൽ ഒരിക്കൽ നടക്കുന്നതാണ് തിരുമുടി എഴുന്നള്ളത്ത്. കടയ്ക്കൽ ദേവി ക്ഷേത്രത്തിൽ നിന്നും അഞ്ചൽ കളരി ക്ഷേത്രത്തിലേക്ക് തിരുമുടി എഴുന്നള്ളിപ്പു കാൽനടയായി ഘോഷയാത്രയിലുടെ നടത്തുന്നു. അവസാനമായി തിരുമുടി എഴുന്നള്ളിപ്പു നടന്നത് 2015 മാർച്ച് 25നാണ്. ജാതിമത ഭേദമന്യേ കടയ്ക്കലിലെ എല്ലാ നാട്ടുകാരും ഒത്തൊരുമയോടുകൂടി ആഘോഷനിറവിൽ ഒന്നിക്കുന്ന ഒന്നാണ് കടയ്ക്കൽ തിരുവാതിര.



**കടയ്ക്കൽ ദേവി ക്ഷേത്രം**

# കളരി

*"കാടെവിടെ മക്കളെ, മേടെവിടെ മക്കളെ?*
*കാട്ടുപുൽത്തകിടിയുടെ വേരെവിടെ മക്കളെ?*
*കാട്ടുപൂഞ്ചോലയുടെ കുളിരെവിടെ മക്കളെ?*
*കാറ്റുകൾ പുലർന്ന പൂങ്കാവെവിടെ മക്കളേ?"*

- കെ അയ്യപ്പപണിക്കർ

## അകലുന്ന പച്ചപ്പും ഉയരുന്ന ആശങ്കകളും.

ഒരുകാലത്ത് പ്രകൃതി രമണീയമായ കാനന ഭംഗിയാലും ജലസമൃദ്ധമായ പുഴകളാലുമൊക്കെ അനുഗ്രഹീതമായിരുന്ന കേരളീയഭംഗി ഇന്ന് ചരിത്രരേഖകളിലും പഴയകാലചിത്രങ്ങളിലും മാത്രമായി അവശേഷിക്കുന്നു. സുസ്ഥിര വികസന സങ്കൽപ്പം കടലാസുകളിൽ മാത്രമായി ഒതുങ്ങിപ്പോകുന്ന ഇക്കാലത്ത് പ്രകൃതി സംരക്ഷണത്തിന് ഭരണകൂടങ്ങൾ പോലും വില നൽകുന്നില്ലയെന്നത് ഭയപ്പെടുത്തുന്ന യാഥാർത്ഥ്യമാണ്. മനുഷ്യൻ അവന്റെ സുഖഭോഗേച്ഛകൾക്കനുസരിച്ച് കുന്നുകൾ ഇടിച്ചും കാടുകൾ തെളിച്ചും കെട്ടിട സമുച്ചയങ്ങൾ കെട്ടിപ്പടുക്കുമ്പോൾ നശിപ്പിക്കപ്പെടുന്നത് അനേകം ആവാസ വ്യവസ്ഥകളാണ്. മനുഷ്യന് ജീവിക്കാൻ അവകാശമുള്ളതുപോലെ മറ്റെല്ലാ ജീവജാലങ്ങൾക്കും ഈ ഭൂമിയിൽ തുല്യഅവകാശമുണ്ടെന്ന സത്യം നമ്മൾ സൗകര്യപൂർവ്വം വിസ്മരിക്കുന്നു. പ്രകൃതിയുടെ ജീവനായ കാടുകളുടെ ഇരുപത്തിയഞ്ച് ശതമാനത്തോളം മാത്രമാണ് ഇന്ന് നിലനിൽക്കുന്നത്. ആഗോള താപനം, കാലാവസ്ഥ വ്യതിയാനം, രൂക്ഷമായ ജലക്ഷാമം, ജലജന്യ രോഗങ്ങൾ, എന്നിവയെല്ലാം പ്രകൃതി ചൂഷണങ്ങളുടെ ഫലമായി നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇവയെയൊക്കെയും ന്യായീകരിക്കാൻ പല കാരണങ്ങളും മെനഞ്ഞെടുക്കുന്ന നമ്മൾ മനുഷ്യർ, ഒടുവിൽ സ്വയം വിമർശനത്തിന് വിധേയമാകുമ്പോൾ പശ്ചാത്താപത്തിന്റെ പാപഭാരവും ചുമക്കേണ്ടി വരുന്നു.

പ്രകൃതിയോടോ മണ്ണിനോടോ യാതൊരു വിധമായ സ്നേഹമോ വിധേയത്വമോ കാട്ടാതെ, അത് സംരക്ഷിക്കേണ്ടതും നിലനിർത്തേണ്ടതും നമ്മുടെ തന്നെ നിലനിൽപ്പിന്റെ ആവശ്യമാണെന്ന് തിരിച്ചറിയാതെ നാം അവയെ ചൂഷണം ചെയ്തുകൊണ്ടേയിരിക്കുകയാണ്. നമ്മുടെ മണ്ണിനും പുഴകൾക്കും സംരക്ഷണകവചമായിരുന്ന കണ്ടൽക്കാടുകളുടെ അവസ്ഥ ഇന്ന് പരിതാപകരമാണ്. ഹരിത ട്രൈബ്യൂണലും പരിസ്ഥിതി സംഘടനകളും പ്രകൃതിസ്നേഹികളുമൊക്കെ മുന്നോട്ട് വെയ്ക്കുന്ന ആശയങ്ങളും ആശങ്കകളും ഒക്കെയും നാം ഉച്ചഭാഷിണികളിലൂടെ നിരന്തരം മുഴങ്ങി കേൾക്കുന്നുവെങ്കിലും പൊതുസമൂഹത്തിന്റെ ഭാഗത്ത് നിന്ന് കാര്യമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല.

വികസന സങ്കൽപത്തിൽ ആതിരപ്പിള്ളി പദ്ധതി ചർച്ചക്ക് വന്നപ്പോൾ എതിർപ്പിന്റെ നേരിയ ശബ്ദങ്ങൾ മാത്രമേ പ്രകൃതിയെ സംരക്ഷിക്കാൻ ഉയർന്നുകേട്ടുള്ളൂ. ആ ശബ്ദങ്ങളൊക്കെയും ഇന്നും ഒറ്റപ്പെട്ടു നിൽക്കുകയും ചെയ്യുന്നു. ഒരു ദുരന്തമുണ്ടാകുമ്പോൾ മാത്രം പ്രകൃതി സ്നേഹത്തെ കുറിച്ചും പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ചും ആശങ്കപ്പെടുന്നവർ എന്ത് പാഠമാണ് മുന്നോട്ടുവെയ്ക്കുന്നത്? മരങ്ങൾ മുറിക്കാൻ വന്നവർക്ക് മുന്നിൽ മരങ്ങളെ ചേർത്ത് പിടിച്ച് നിങ്ങൾ ഇതിനൊടൊപ്പം എന്നെയും മുറിക്കു എന്ന് പറഞ്ഞ സുന്ദർലാൽ ബഹുഗുണയുടെ നാട്ടിലാണ് ഇന്ന് മരങ്ങൾ ഭാരമാകുന്നത്. സംസ്കാരത്തിലും വിദ്യാഭ്യാസത്തിലും മറ്റുള്ളവർക്ക് മാതൃകയാകുന്ന നമുക്ക് എങ്ങനെയാണ് പ്രകൃതി സംരക്ഷണത്തിന്റെ കാര്യത്തിൽ ഒട്ടും താൽപര്യമില്ലാതെയായത്? നമ്മുടെ അതിജീവനത്തിനും നിലനിൽപ്പിനും വേണ്ടുന്ന സർവതും നിസ്വാർഥം നൽകുന്ന പ്രകൃതിക്ക് നമ്മൾ തന്നെ മരണക്കുഴി ഒരുക്കുന്ന അവസ്ഥയിൽ നിന്നും നമ്മൾ എന്നാണ് മുക്തരാകുക?

ഇന്ന് ഹരിതരാഷ്ട്രീയസങ്കൽപ്പം പോലും തട്ടിപ്പുകളുടെ മാതൃകയിലാകുകയും സുസ്ഥിര വികസനം തിരഞ്ഞെടുപ്പ് കാലത്തെ പരസ്യ പ്രചാരണമാധ്യമം മാത്രമാവുകയും ചെയ്യുന്ന ഇക്കാലത്ത്, വരും തലമുറയ്ക്ക് ശ്വസിക്കാനും കുടിക്കാനുമൊക്കെയുള്ള പ്രകൃതിവിഭവങ്ങളിലാണ് നാം വിഷം കലർത്തുന്നത്. ഇന്ന് ഏറ്റവും നല്ല വികസനരാഷ്ട്രീയം മുന്നോട്ട് വെയ്ക്കുന്നവരെന്നു കരുതുന്നവർ, വയലുകളിൽ വിമാനങ്ങൾ ഇറങ്ങണമെന്ന് വാശി പിടിക്കുമ്പോൾ, വോട്ട് ബാങ്ക് മാത്രം ലക്ഷ്യമാക്കിയുള്ള അവരുടെ കപടപ്രകൃതിസ്നേഹമാണ് വെളിവാകുന്നത്.

പ്രകൃതിക്ക് നേരെയുള്ള മനുഷ്യന്റെ അതിക്രമങ്ങൾ അതിരുകടക്കുമ്പോൾ, അതിരൂക്ഷമായ വിധത്തിലായിരിക്കും പ്രകൃതി അതിനെതിരെ പ്രതികരിക്കുക. അതാണ് പ്രകൃതിയുടെ നിയമവും. ആർത്തിയോടെ നാം കെട്ടിപ്പൊക്കിയ സൗധങ്ങളിൽ ഭൂകമ്പത്തിന്റെ മരണമണികൾ മുഴങ്ങിയതും സുനാമി തിരകൾ നമ്മുടെ തീരങ്ങളെ നിഷ്കരുണം വിഴുങ്ങുന്നതും നാം വേദനയോടെ കണ്ടതാണ്. അന്ന് നമ്മുടെ കടൽതീരങ്ങൾ ഒക്കെയും അക്ഷരാർത്ഥത്തിൽ ശവപ്പറമ്പുകളായി മാറുകയായിരുന്നില്ലേ? ജനനം മുതൽ മരണം വരെ ഇവിടെ വാടക നൽകാതെ ജീവിക്കുന്ന വാടകക്കാർ മാത്രമാണ് നമ്മൾ. ആ തിരിച്ചറിവ് പലപ്പോഴുമുണ്ടാകുന്നില്ല. മനുഷ്യൻ പ്രകൃതിയെ സംരക്ഷിക്കേണ്ടതില്ല മറിച്ച് പ്രകൃതി മനുഷ്യനെ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. അതിനെ അമിതമായി ചൂഷണം ചെയ്യാതിരുന്നാൽ മാത്രം മതി മനുഷ്യൻ.

ഭൂമിയുടെ നിലനിൽപ്പിനുപോലും ഭീഷണിയാകുന്ന തരത്തിൽ, പരിസ്ഥിതിലോല പ്രദേശങ്ങൾ പോലും കൈയ്യേറ്റങ്ങൾക്ക് ഇരയാകുമ്പോൾ, പ്രകൃതിക്കുവേണ്ടി വാദിക്കുവാൻ നമ്മുടെ നാവുകൾ ഉയരേണ്ടതുണ്ട്. മരണത്തിന്റെ രാഗങ്ങളിൽ കരയുന്ന പ്രകൃതിയെ ഇനിയും മണ്ണുമാന്തി യന്ത്രങ്ങൾ പ്രഹരിച്ചാൽ ജനാധിപത്യത്തിന്റെ രുചിയിൽ ചവിട്ടി നിൽക്കുവാൻ ഒരു രാഷ്ട്രീയക്കാരനും മണ്ണുണ്ടായെന്ന് വരില്ല. സിനിമകളിലൂടെയും കഥകളിലൂടെയും മാത്രം നാം അറിഞ്ഞിട്ടുള്ള ആ ലോകാവസാനകാലം വിദൂരമല്ലെന്ന് തിരിച്ചറിയേണ്ടതായും വരും.

# മാധ്യമങ്ങൾ സമൂഹത്തെ മറക്കരുത്: അലക്സാണ്ടർ ജേക്കബ്



**പോയവർഷത്തെ മാക്സ് വെൽ ഫെർണാണ്ടസ് പുരസ്കാരം കേണൽ രാജീവും ശ്രുതിയും അലക്സാണ്ടർ ജേക്കബിൽ നിന്നും ഏറ്റുവാങ്ങുന്നു. അലുംനി അസോസിയേഷൻ പ്രസിഡന്റ് എം. വിജയകുമാർ, ഡി.സി.ജെ വകുപ്പ് മേധാവി ഡോ. എം.എസ് ഹരികുമാർ എന്നിവർ സമീപം.**

കാര്യവട്ടം: സമൂഹത്തോടുള്ള ഉത്തരവാദിത്വം മാധ്യമങ്ങൾ എല്ലായ്പ്പോഴും പുലർത്തേണ്ടണ്ടത് ആരോഗ്യകരമായ ജനാധിപത്യത്തിന്റെ നിലനിൽപ്പിനും പൊതു സമൂഹത്തിന്റെ ഉയർച്ചയ്ക്കും അത്യന്താപേക്ഷിതമാണെന്ന് മുൻ പോലീസ് മേധാവി അലക്സാണ്ടണ്ടർ ജേക്കബ് അഭിപ്രായപ്പെട്ടു.

സ്വദേശാഭിമാനി അനുസ്മരണ പ്രഭാഷണവും കമ്യൂണിക്കേഷൻ ആന്റ് ജേണലിസം വകുപ്പിന്റെ സ്ഥാപകൻ മാക്സ് വെൽ ഫെർണാണ്ടണ്ടസിന്റെ പേരിലുള്ള അവാർഡുകളുടെ വിതരണവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കടുത്തമത്സരം കാരണം മാധ്യമങ്ങൾ പലപ്പോഴും കടമകൾ മറക്കുന്നു. ഇത് പൊതുവിൽ മാധ്യമങ്ങളുടെ വിശ്വാസ്യതയ്ക്ക് കോട്ടമുണ്ടാക്കിയിട്ടുണ്ട്. വിശ്വാസ്യത വീണ്ടെടുക്കുകയും സാധാരണക്കാരുടെ പ്രശ്നങ്ങൾ ജനസമക്ഷം അവതരിപ്പിക്കുകയും ചെയ്ത് മാധ്യമങ്ങൾ തങ്ങളുടെ സാമൂഹിക ഉത്തരവാദിത്വം നിറവേറ്റണം. അഴിമതിയും ഭരണ പാളിച്ചകളും തുറന്നു കാട്ടാനും മാധ്യമങ്ങൾ കൂടുതൽ താത്പര്യം കാട്ടണം. എന്നാൽ റേറ്റിംഗിനു വേണ്ടയുള്ള കിടമത്സരവും സെൻസേഷണലിസവുമാണ് ഇന്നത്തെ മാധ്യമങ്ങളുടെ ശാപമെന്നും അദ്ദേഹം പറഞ്ഞു.

> ***"കടുത്തമത്സരം കാരണം മാധ്യമങ്ങൾ പലപ്പോഴും കടമകൾ മറക്കുന്നു. ഇത് പൊതുവിൽ മാധ്യമങ്ങളുടെ വിശ്വാസ്യതയ്ക്ക് കോട്ടമുണ്ടാക്കിയിട്ടുണ്ട്.***

ചടങ്ങിൽ എം.സി.ജെ 2013, 2014 ബാച്ചുകളിലെ റാങ്കു ജേതാക്കളായ ശ്രുതി, കേണൽ രാജീവ് എന്നിവർക്ക് മാക്സ്വെൽ ഫെർണാണ്ടസ് പുരസ്കാരം അലക്സാണ്ടർ ജേക്കബ് സമ്മാനിച്ചു. ചടങ്ങിന് അലുമ്നി അസോസിയേഷൻ പ്രസിഡന്റ് പ്രൊഫ.എം.വിജയകുമാർ അധ്യക്ഷത വഹിച്ചു. അലുമ്നി അസോസിയേഷൻ ഭാരവാഹികളായ കേരള സർവകലാശാല പബ്ലിക്കേഷൻ വിഭാഗം ഡയറക്ടർ ജോസഫ് തായങ്കരി , ജോർജ്കുട്ടി, ഷിബു എന്നിവർ സംസാരിച്ചു. കമ്യൂണിക്കേഷൻ & ജേണലിസം വകുപ്പ് മേധാവി ഡോ.എം.എസ് ഹരികുമാർ സ്വാഗതവും അസി. പ്രൊഫ ജെ മാഗി നന്ദിയും പറഞ്ഞു.



**വര : ഷഹാന എ.ആർ.**

# സ്ത്രീ സുരക്ഷയും ശിക്ഷയും

**സാ**ക്ഷരതയിൽ ഒന്നാം സ്ഥാനത്തുള്ള, പരിഷ്കൃതരെന്ന് സ്വയം ഊറ്റം കൊള്ളുന്ന ആധുനിക മലയാളിയുടെ സ്ത്രീ സങ്കല്പത്തിൽ ഇരുട്ട് വീണു തുടങ്ങിയിരിക്കുന്നു. പരിഷ്കൃത രാജ്യങ്ങൾ മറ്റനേകം ഗൗരവമേറിയ വിഷയങ്ങളെ കുറിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ, നമ്മുടെ സമൂഹം ഇപ്പോഴും സ്ത്രീ സുരക്ഷയുടെ ബാലപാഠങ്ങളെ കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ഇന്നും നമ്മുടെ തെരുവുകളിലും വീടുകളിലും ജോലി സ്ഥലങ്ങളിലും ഒക്കെ നമ്മുടെ സ്ത്രീകൾ അനീതികളും അവഗണനയും പീഡനങ്ങളും നേരിട്ട്കൊണ്ടിരിക്കുകയാണ്. ഒരു പരിഷ്കൃത സമൂഹത്തിന് ഭൂഷണമായ ഒരു ലക്ഷണമല്ല ഇത്. പിച്ചിചീന്തപെടുവാൻ പ്രായമോ സാഹചര്യങ്ങളോ ഒന്നും പ്രശ്നമാകുന്നില്ല. വൈദികന്മാരും വൃദ്ധന്മാരും വരെ കാലകാഹളം മുഴക്കുമ്പോൾ നിശബ്ദം പൊതുസമൂഹത്തിൽ നിന്ന് പിന്മാറുകയോ അല്ലെങ്കിൽ ഒരു കയറിൽ എല്ലാം അവസാനിപ്പിക്കുകയോ ചെയ്യുകയാണ് അവർ. കേരളത്തിൽ മണിക്കൂറിൽ പത്തു സ്ത്രീകൾ പല തരത്തിൽ പീഢിപിക്കപ്പെടുന്നുണ്ടെന്നാണ് കണക്കുകൾ. ടെക്നോ നഗരങ്ങളിൽ പോലും സുരക്ഷാ സംവിധാനങ്ങൾ ഉണ്ടാകുന്നില്ല.

നമ്മുടെ കാഴ്ചപ്പാടുകളാണ് ആദ്യം മാറേണ്ടത്. അതിന്, ഉചിതമായ ബോധവത്കരണവും മേന്മയുള്ള വിദ്യാഭ്യാസവും തന്നെയാണ് ആവശ്യം. സ്ത്രീ ഒരു കച്ചവട വസ്തുവാണെന്ന ധാരണ മാറി, അവർക്കും ഇവിടെ ജീവിക്കാനുള്ള തുല്യഅവകാശവും സ്വാതന്ത്ര്യവും ഉണ്ടെന്ന തിരിച്ചറിവ് സമൂഹത്തിനുണ്ടാകണം. ഓരോതവണയും സ്ത്രീകൾ അക്രമണത്തിനിരയാകുമ്പോൾ, അവരെ കുറിച്ചുള്ള ചർച്ചകൾ സാമൂഹ്യമാധ്യമങ്ങളിലെ കേവലം ഹാഷ്ടാഗുകൾ മാത്രമായി നിറഞ്ഞു നിൽക്കുകയല്ലാതെ, സുസ്ഥിരമായ മാറ്റത്തിലേക്ക് നയിക്കുന്നയാതൊന്നും തന്നെ ഉണ്ടാകുന്നില്ല.

തുല്യ സ്വാതന്ത്ര്യം പ്രദാനം ചെയ്യുന്ന ഒരു സ്ഥിതി വിശേഷമുണ്ടാക്കിയെടുക്കുക എന്നതാണ് ഈ ദുർവ്വിധിക്ക് പരിഹാരം. അങ്ങനെയൊരു സാമൂഹികാന്തരീക്ഷം സൃഷ്ടിക്കാൻ സമൂഹത്തിനും ഭരണ കൂടത്തിനും ഒരു പോലെ ഉത്തരവാദിത്വമുണ്ട്. പലപ്പോഴും നിയമങ്ങൾ നോക്കുകുത്തികൾ മാത്രമാകുന്ന ഈ കാലഘട്ടത്തിൽ നിന്നും വ്യക്തവും സുതാര്യവുമായ നിയമ സംവിധാനങ്ങളിലൂടെ ഈ കരിങ്കൈകൾക്ക് താഴിടേണ്ട കാലം വിദൂരമാവുകയും ചെയ്യരുത്.

പണം നിയന്ത്രിക്കുന്ന വ്യവസ്ഥയിൽ 'ആളൂർ' മാർ ഒറ്റപ്പെടുകയും ഗോവിന്ദച്ചാമിമാർ ശിക്ഷിക്കപ്പെടുകയും വേണം. നടി എന്നോ നാടോടിയെന്നോ ഉള്ള തരം തിരിവിൽ അല്ല മനുഷ്യൻ ആണെന്ന, അവൾക്കും സ്വാതന്ത്ര്യത്തോടും ആത്മാഭിമാനത്തോടെയും ഇവിടെ ജീവിക്കാൻ രാത്രികളും ഭ്രാന്തന്മാരും തടയിടില്ല എന്ന വിശ്വാസം ഉടലെടുക്കുമ്പോഴേ നമ്മുടെ പൂർവികർ നേടിയ സ്വാതന്ത്ര്യത്തിനു പൂർണത വരികയുള്ളൂ. എങ്കിൽ മാത്രമേ അവർ സ്വപ്നം കണ്ടിരുന്നത് പോലെ ഒരു സമത്വ സുന്ദര ഭാരതം പൂർണമാവുകയുള്ളൂ.

സ്ത്രീത്വം അത് മാനിക്കപ്പെടേണ്ടതാണ്!

**അനന്ദു ആർ നായർ**

## പ്രതിരോധം

**തസ്നിം മുഹമ്മദ്**

അക്ഷരങ്ങൾ കൊണ്ട്
വാക്കുകൾ കൊണ്ട്
ഒച്ചപ്പാടുകൾ കൊണ്ട്
നിലവിളികൾ കൊണ്ട്

ഒടുക്കം,


കരയാത്ത കണ്ണുകൾ കൊണ്ട്
വിറയ്ക്കാത്ത ചുണ്ടുകൾ
കൊണ്ട്

പക്ഷെ,

പ്രതിരോധത്തിന്റെ
കണ്ണികൾക്ക്
ഇനിയും ബലം പോരാ!

# പുസ്തകപരിചയം

**അശ്വതി നായർ എം.എ.**




"**ഞാൻ** നുജൂദ് വയസ്സ് 10 വിവാഹമോചിത" എന്ന തലക്കെട്ട് തന്നെയാകും ഈ പുസ്തകത്തിലേക്ക് ഏവരെയും ആകർഷിക്കുക. 2009 ൽ ഫ്രഞ്ച് ഭാഷയിൽ പ്രസിദ്ധീകരിച്ച പുസ്തകം 2011 ൽ മലയാളത്തിലേക്ക് തർജ്ജമ ചെയ്യപ്പെട്ടുവെങ്കിലും ഇന്നും പലർക്കും ഈ പുസ്തകം സുപരിചിതമല്ല. വളരെചെറിയ പ്രായത്തിൽ വിവാഹിതയും 10 വയസ്സിൽ വിവാഹമോചിതയുമായ നുജൂദ്, ഈ പുസ്തകത്തിലൂടെ അവളനുഭവിച്ച പൊള്ളുന്ന യാഥാർഥ്യങ്ങളാണ് പങ്കുവെക്കുന്നത്. മതത്തിന്റെയും ആചാരത്തിന്റെയും ദുരഭിമാനത്തിന്റെയും പേരിൽ അകാലത്തിൽ ഭാര്യയും ഒപ്പം അടിമയുമാകേണ്ടി വരുന്ന നൂറുകണക്കിന് പെൺകുട്ടികളുടെ ഒരു പ്രതീകം മാത്രമാണ് നുജൂദ് അലി എന്നു തിരിച്ചറിയുമ്പോൾ മാത്രമേ വായനക്കാരന് ഈ ജീവിത കഥയുടെ വ്യാപ്തി മനസിലാകൂ.

അറേബ്യൻ ഫെലിക്സ് അഥവാ സന്തുഷ്ടമായ അറേബ്യ എന്ന് പൂർവികർ അഭിമാനത്തോടെ വിളിച്ചിരുന്ന നാടിനെ ഇന്നു നമുക്കു സുപരിചിതം യമൻ എന്ന പേരിലാണ്. ആരെയും ആകർഷിക്കുന്ന ഈ മാന്ത്രിക ദേശത്തിൽ പുറം ലോകം അറിയാതെ പോകുന്ന ഒട്ടനേകം ജീവിതങ്ങളുണ്ട്. അവർക്കു പറയാൻ കണ്ണീരിന്റെ, മനക്കരുത്തിന്റെ, ചെറുത്തുനിൽപ്പിന്റെ കഥകളുണ്ട്. സാമാന്യ ചിന്തക്ക് അതീതമായ തീക്ഷ്ണ അനുഭവങ്ങളാണവ.

യമനിലെ ഒരു സാധാരണ ഗ്രാമത്തിൽ സുഖസമൃദ്ധമായി ജീവിച്ചിരുന്ന നുജൂദിന്റെ കുടുംബത്തിന് തിരക്കിന്റെയും ഒപ്പം ദാരിദ്ര്യത്തിന്റെയും നഗരത്തിലേക്കു കുടിയേറേണ്ടി വന്നത് പെണ്ണിന്റെ മേൽ ഇന്നും ആണുങ്ങൾ സ്ഥാപിച്ചെടുക്കുന്ന അദൃശ്യവും എന്നാൽ വേദനാജനകവുമായ ആധിപത്യം കൊണ്ട് തന്നെ. അധികം വൈകാതെ തനിക്കും ഇതേ നാണയത്തിന്റെ തന്നെ ക്രൂരമായ മറ്റൊരു വശം കാണേണ്ടിവരുമെന്ന് അന്നവൾ കരുതിയിരുന്നില്ല. എന്നാൽ തന്റെ വിധിയെ പഴിച്ചു ജീവിതാവസാനം വരെ മൃഗീയമായ പീഡനം സഹിക്കാൻ നുജൂദ് തയാറായില്ല. സമൂഹത്തിന്റെയും മതത്തിന്റെയും വേലിക്കെട്ടുകൾ തകർത്തു അവൾ എത്തിച്ചേർന്നത് നിയമത്തിന്റെ സംരക്ഷണയിലാണ്. ഒരുപക്ഷേ പെൺകുട്ടികൾക്ക് നീതി നിഷേധിക്കപ്പെടുന്ന ഈ സാഹചര്യത്തിൽ നുജൂദ് നേടിയെടുക്കുന്ന നീതി ഈ ലോകത്തിനു തന്നെ വെളിച്ചമാകും.

മതവിശ്വാസങ്ങളെ വളച്ചൊടിച്ച് നൂറ്റാണ്ടുകളായി ഒരു സമൂഹത്തിനെ മുഴുവൻ ഇരുട്ടിലാക്കിയിരുന്ന അദൃശ്യ ശക്തികൾക്ക് നേരെയായിരുന്നു ആ 10 വയസ്സുകാരിയുടെ പടപുറപ്പാട്. അവളുടെ വഴിയിൽ പല രൂപത്തിൽ വന്നടിഞ്ഞ ഭീഷണികളെയും പ്രതിസന്ധികളെയും പ്രായത്തിൽ കവിഞ്ഞ പക്വതയാൽ നുജൂദ് തട്ടിമാറ്റി. കാരണം തന്റെ തീരുമാനം പല പെൺകുട്ടികളെയും അടിമത്തത്തിൽ നിന്ന് രക്ഷിക്കാൻ പ്രചോദനമാകുമെന്നു അവൾ തിരിച്ചറിഞ്ഞിരുന്നു. സഹിച്ചു ജീവിക്കുക എന്നത് ഒട്ടും സുഖമുള്ള അനുഭവമല്ലെന്നും നിഷേധിക്കപ്പെടുന്ന നീതി എത്രവിദൂരമാണെങ്കിലും ദൃഢനിശ്ചയമുള്ള സ്ത്രീക്ക് അത് നിഷ്പ്രയാസം നേടിയെടുക്കാമെന്നും തന്റെ ജീവിതത്തിലൂടെ അവൾ മനസിലാക്കി തരുന്നു. സ്ത്രീത്വം മതത്തിന്റെ എന്നല്ല ഒന്നിന്റെയും പേരിൽ ചവിട്ടിത്തേക്കാനുള്ളതല്ലെന്നും ഉറക്കെ വിളിച്ചു പറയുകയാണ് നുജൂദ്.

മതവിശ്വാസവും സാമൂഹിക വ്യവസ്ഥയും മാത്രമല്ല ദാരിദ്ര്യവും ശൈശവ വിവാഹങ്ങൾക്ക് കാരണമാകുന്നു. 'കുടുംബം മുഴുവനും തീറ്റിപോറ്റാനുള്ള വക എനിക്കില്ല എന്നറിയാലോ... ഇതു നടക്കുകയാണെങ്കിൽ ഒരു വായ കുറഞ്ഞുകിട്ടും. അത്രതന്നെ' എന്ന ബാപ്പയുടെ വരികൾ നുജൂദിനെ പോലെ വായനക്കാരനെയും വല്ലാതെ വേദനിപ്പിക്കുന്നു. ഒരു പെൺകുട്ടിയുടെ രക്ഷകർ ആകേണ്ടവർ തന്നെ അവളുടെ സ്വപ്നങ്ങളെ നിത്യവൃത്തിക്കായി തച്ചുടയ്ക്കുന്നു. ദാരിദ്ര്യം എന്നത് ഊഹിക്കാവുന്നതിനെക്കാൾ ഭീകരമാണെന്നു മനസിലാക്കാൻ സർക്കാരുകളുടെ കണക്കുകളോ രേഖകളോ പരിശോധിക്കേണ്ട, മറിച്ച് ഇത്തരം ജീവിതങ്ങളെ നിരീക്ഷിച്ചാൽ മാത്രം മതിയാകും എന്ന് ഓർമ്മിപ്പിക്കുക കൂടിയാണ് ഈ പുസ്തകം. ദാരിദ്ര്യം എന്ന നിസ്സഹായാവസ്ഥയും പുസ്തകത്തിലുടനീളം കാണാൻ സാധിക്കും. ഭിക്ഷാടനം ഒരു തൊഴിലെന്ന വണ്ണം നടത്തിപ്പോരുന്ന ഒട്ടനേകം കഥാപാത്രങ്ങൾക്ക് നാം സാക്ഷിയാകുന്നു. ഇവരിൽ ഭൂരിഭാഗവും നിരക്ഷരരുമാണ്. 2006 ൽ സനാ സർവകലാശാല നടത്തിയ പഠനത്തിൽ കണ്ടെത്തിയത് യമനിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നതിന്റെ പ്രധാന കാരണം ശൈശവ വിവാഹമാണെന്നാണ്. യമനിൽ 70 ശതമാനം സ്ത്രീകളും നിരക്ഷരരാണ്.

നുജൂദ് യെമനിലെ മാത്രം പെൺകുട്ടികളുടെ കഥയല്ല പറയുന്നത്. ഒരുപക്ഷെ ഈ ലോകത്തിന്റെ ഓരോ കോണിലും അനേകം നുജൂദുമാർ ഉണ്ടാകും. എന്നാൽ അവർ പല കാരണങ്ങളാൽ ബന്ധിക്കപ്പെട്ടിരിക്കാം. അവളുടെ മൗനം ഈ ലോകത്തിന്റെ തന്നെ പരാജയമാണ്. സ്ത്രീയെ ബഹുമാനിക്കാൻ അറിയാത്ത സമൂഹം ഒരിക്കലും സംസ്കാര സമ്പന്നമാകില്ല, സമൂഹത്തിനെ ബാധിച്ച ഈ അന്ധകാരം അകലുന്ന വരെ ഇവിടെ ഇനിയും നുജൂദിനെ പോലുള്ളവർ സൃഷ്ടിക്കപ്പെട്ടുകൊണ്ടേയിരിക്കും. ഡെൽഫിൻ മിനോയി എന്ന ഫ്രഞ്ച് പത്രപ്രവർത്തകയുടെ സഹായത്തോടെ നുജൂദ് അലി പൂർത്തിയാക്കിയ ആത്മകഥയെ മലയാളത്തിൽ പരിഭാഷപ്പെടുത്തിയത് രമാ മേനോനാണ്. വില 100 രൂപ.

# അതിജീവനത്തിന് ജൈവകൃഷി

**ആനന്ദ് കുമാർ**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയിലൂടെ ആരോഗ്യം നിലനിർത്തുന്ന ഒരു ഉല്പാദനരീതിയാണ് ജൈവകൃഷി. കീടനാശിനികൾ ഉപയോഗിക്കുന്നതിനു പകരം ചംക്രമണം, പരിസ്ഥിതിയുടെ സ്വാഭാവിക പ്രക്രിയകൾ, ജൈവ വൈവിധ്യം തുടങ്ങിയ പ്രാദേശിക അവസ്ഥകൾക്ക് യോജിക്കുന്ന രീതികൾ മാത്രമേ ഈ കൃഷിരീതി ആശ്രയിക്കുന്നുള്ളൂ. ലോക വ്യാപകമായി ഏകദേശം 3.22 കോടി ഹെക്ടെർ ഭൂമി ജൈവകൃഷി രീതി പിന്തുടരുന്നു. ഇത് മൊത്തം കൃഷിഭൂമിയുടെ 0.8 ശതമാനം വരും. കൂടാതെ 2007 വരെ ഏകദേശം 3 കോടി ഹെക്ടർ ഭൂമിയിൽ നിന്ന് ജൈവകൃഷി ഉല്പന്നങ്ങൾ വിളവെടുക്കുകയുണ്ടായി.

ജൈവകീടനാശിനികൾ, പച്ചില വളങ്ങൾ,കംപോസ്റ്റ്,, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിക്കുന്നതും രാസവളങ്ങളും രാസകീടനാശിനികളും തീർത്തും ഒഴിവാക്കിയുള്ളതും ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി തീറ്റകളിൽ ചേർക്കുന്ന രാസപദാർഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷി രീതിയെയാണ് ജൈവകൃഷി എന്നു വിളിക്കുന്നത്. പരമ്പരാഗത രീതികളും പുത്തൻ കണ്ടെത്തലുകളും ശാസ്ത്രീയ രീതികളും സംയോജിപ്പിച്ചുകൊണ്ട് പരിസ്ഥിതിയിലെ എല്ലാവിഭാഗത്തിനും ഉപകാരപ്പെടും വിധത്തിൽ പാരിസ്ഥിതിക ബന്ധവും ഉന്നത നിലവാരത്തിലുള്ള ജീവിതവും ഈ കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നു.

### വീട്ടുവളപ്പിലെ പച്ചക്കറി കൃഷി

വീടിനു ചുറ്റും അൽപമെങ്കിലും സ്ഥലമുള്ളവർക്ക് ഒന്ന് മനസ്സുവെച്ചാൽ നല്ല പച്ചക്കറിത്തോട്ടം നിർമിക്കാം. കുറഞ്ഞത് ആറ് മണിക്കൂറെങ്കിലും സൂര്യപ്രകാശവും വെള്ളവും ലഭിക്കുന്നിടമാണ് കൃഷിക്കഭികാമ്യം. ദീർഘകാലം വിളവ് തരുന്ന കറിവേപ്പ്, മുരിങ്ങ, നാരകം പോലുള്ള വിളകൾക്ക് വീട്ടുവളപ്പിൽ പ്രത്യേകം സ്ഥലം കണ്ടെത്തണം. തണലിൽ വളരാൻ കഴിയുന്ന ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്,



മട്ടുപ്പാവിലെ പച്ചക്കറികൃഷി

കാച്ചിൽ, മധുരക്കിഴങ്ങ് എന്നിവ ഇടവിളകളായി കൃഷി ചെയ്യാം. ഇവക്കിടയിൽ വീട്ടാവശ്യത്തിനുള്ള മുളക്, കാന്താരി എന്നിവയും നടാം. ഒരേ സ്ഥലത്ത് വ്യത്യസ്ത വിളകൾ കൃഷി ചെയ്യുന്നതുമൂലം കീടരോഗാക്രമണം തടുക്കാനും മണ്ണിലെ വ്യത്യസ്ത തലങ്ങളിലെ ജൈവാംശം ഉപയോഗപ്പെടുത്താനും കഴിയും. ചീര, വെള്ളരി, പാവൽ, പയർ, വെണ്ട, മത്തൻ, പടവലംഎന്നിവക്കെല്ലാം നല്ല വെയിൽ വേണം. അധികം വെയിൽ വേൺണ്ടാത്ത വിളകളാണ് മുളകും തക്കാളിയും.

### മട്ടുപ്പാവിലെ പച്ചക്കറിത്തോട്ടം

ടെറസ്സിൽ പച്ചക്കറി കൃഷി ചെയ്തുൺണ്ടാക്കുകയാണെങ്കിൽ ജൈവ പച്ചക്കറി കൃഷിഭൂമിയില്ലാത്തവർക്കും ഭക്ഷിക്കാം. ടെറസ്സിലെ കൃഷിക്ക് പോളിത്തീൻ സഞ്ചികളാണ് കൂടുതൽ ഉപയോഗിക്കുന്നത്. ഉപയോഗശൂന്യമായ ടയറിലും കൃഷി ചെയ്യാവുന്നതാണ്. കൈവരിയോട് ചേർന്ന് അടിയിൽ ചുമര് വരുന്ന ഭാഗത്തിന് മുകളിലായി ചട്ടികൾ വെക്കാം. ഇഷ്ടിക അടുക്കി അതിനു മുകളിൽ ചട്ടികൾ വെക്കുന്നതാണ് ഉചിതം. വെള്ളം കെട്ടി നിൽക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ടെറസ്സിലെ കൃഷിക്ക് രാസവസ്തുക്കൾ ഉപയോഗിക്കേണ്ടതില്ല. രാസവസ്തുക്കൾ ടെറസ്സിനെ കേടുവരുത്തും. ആഴ്ചയിലൊരിക്കൽ ദ്രവരൂപത്തിലുള്ള പുളിപ്പിച്ച ജൈവവളങ്ങൾ (കാലിവളം, എല്ലുപൊടി, കമ്പോസ്റ്റ്, പച്ചിലവളം, കോഴിവളം, കടലപ്പിണ്ണാക്ക്) ഇട്ടുകൊണ്ടിരുന്നാൽ ചെടികൾ കരുത്തോടെ വളരും. വേനൽകാലത്ത് രൺണ്ടുനേരവും ബാക്കികാലങ്ങളിൽ ഒരുനേരവും ചിട്ടയായിആവശ്യത്തിനു മാത്രം നനച്ചാൽ മണ്ണിലുള്ള വായുസഞ്ചാരം കൂടും. ചാക്കിൽ/ചട്ടിയിൽ നിന്നും വെള്ളം ഒലിച്ചിറങ്ങുംവിധം നനക്കരുത്. ഒരേ വിള തന്നെയോ ഒരേ വർഗത്തിൽപെട്ട വിളകളോ ഒരേ ചാക്കിൽ/ചട്ടിയിൽ തുടർച്ചയായി കൃഷി ചെയ്യരുത്. ഓരോ പ്രാവശ്യവും ചെടി നടുമ്പോൾ മണ്ണിളക്കണം. ഇപ്രകാരം ഒരേ ചട്ടിയിൽ മൂന്നോ നാലോ തവണ കൃഷിചെയ്യാം. ഓരോ വിളയും അതിനനുയോജ്യമായ സമയത്ത് നടുകയാണെങ്കിൽ മികച്ച വിളവ് ലഭിക്കും.

## നികോണിന്റെ ദേശീയഹ്രസ്വചിത്രമത്സരം; തുടർച്ചയായ രണ്ടാം വർഷവും ഡി.സി.ജെക്ക് നേട്ടം.

**അഖില എ.എൽ.**

**തിരുവനന്തപുരം:** നിക്കോൺ ഇന്ത്യ ദേശീയ തലത്തിൽ സംഘടിപ്പിച്ച 'ഷോട്ട്സ് ഓൺ നിക്കോൺ' ഹ്രസ്വചിത്രമത്സരത്തിന്റെ ഫലം പ്രഖ്യാപിച്ചു. കേരള യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാമ്പസിലെ ജേണലിസം വിദ്യാർഥിയായിരുന്ന അനൂപ് മോഹന്റെ 'ചിരി' എന്ന ഷോർട്ട് ഫിലിമിനാണ് ഒന്നാം സ്ഥാനം. നിക്കോണിൻെ ഒരു ക്യാമറയാണ് തിരുവനന്തപുരം സ്വദേശിയായ അനൂപിന് സമ്മാനമായി ലഭിക്കുക.

ഇന്ത്യയിലെ മികച്ച ഷോർട്ട് ഫിലിം സംവിധായകരെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 2015 മുതലാണ് നികോണിന്റെ ഇന്ത്യൻ വിഭാഗം ഈ പുരസ്കാരം ഏർപ്പെടുത്തിയത്. അന്ന് കാര്യവട്ടം കാമ്പസിലെ ജേർണലിസം വിദ്യാർഥി തന്നെയായ അഭിലാഷ് സുധീഷാണ് ഈ നേട്ടം കൈവരിച്ച ആദ്യവ്യക്തി.

ഏഴു മിനിറ്റും ഇരുപത്തിയഞ്ച് സെക്കന്റും ദൈർഘ്യമുള്ള 'ചിരി'യുടെ തിരക്കഥ രചിച്ചത് വിഷ്ണുവിജയകുമാറാണ്. ക്യാമറ ചലിപ്പിച്ചത് ബിനു. കെ.വി. 'നിക്കോൺ പോലെയുള്ള അന്താരാഷ്ട്ര ബ്രാൻഡുകൾ ഷോർട്ട് ഫിലിം മെയ്ക്കേഴ്സിനു നൽകുന്ന വലിയ ഒരവസരം തന്നെയാണ് ഇത്. 'ചിരി'ക്ക് ഈ അംഗീകാരം ലഭിച്ചതിൽ ഏറെ സന്തോഷമുണ്ട്'; അനൂപ് കളരിയോട് പറഞ്ഞു.



'ചിരി'യുടെ അണിയറപ്രവർത്തകർ

# 'ഇതു ഞങ്ങളുടെ ആമി തന്നെ'

**അർത്ഥന എസ്.പി.**
**അക്ഷയ് കുമാർ വി.യു.**

**തൃശൂർ** : ഏറെ വിവാദങ്ങൾക്കൊടുവിൽ കമൽ ചിത്രം ആമിയുടെ ഷൂട്ടിംഗ് നീർമാതളച്ചോട്ടിൽ നിന്നു തുടങ്ങി. കമലിന്റെ 'ആമി'യാകാൻ വേഷമിട്ട് ക്യാമറയ്ക്ക് മുന്നിലെത്തിയ മഞ്ജു വാര്യരെ കണ്ടവർക്ക് അത് അവരുടെ ആമി തന്നെയല്ലേയെന്നു സംശയം! അതെ, മഞ്ജു വാര്യർ ആമിയായി, കമലയായി, കമലാദാസായി, മാധവിക്കുട്ടിയായി മാറിക്കഴിഞ്ഞിരിക്കുന്നു...

കൺമുന്നിൽ കമലോപ്പുവിനെ കണ്ട പോലെയുണ്ട് മഞ്ജുവിന്റെ വേഷപ്പകർച്ചയെന്ന് ഷൂട്ടിങ് ഉദ്ഘാടന ശേഷം ഡോ.സുവർണ്ണ നാലപ്പാട്ടും അമ്മയെ കണ്ടെന്ന സന്തോഷത്തോടെ മകൻ ജയസൂര്യയും. അപ്പോൾ പട്ടണം റഷീദിന്റെ മേക്കപ്പ് ജാലവിദ്യയും ബംഗളൂരുകാരി ജിഷയുടെ വസ്ത്രാലങ്കാരവും എത്രത്തോളം മികവുറ്റതാണെന്ന് ഊഹിക്കാം.

മാധവിക്കുട്ടിയുടെ ബാല്യം അഭിനയിക്കുന്ന ആഞ്ജലീനയും നീലാഞ്ജനയും മഞ്ജുവിനൊപ്പം ആദ്യ ക്ലാപ്പടിച്ചു. ക്യാമറാമാൻ മധു നീലകണ്ഠൻ ആദ്യ ഷോട്ട് എടുത്തതോടെ മലയാള സാഹിത്യ ചരിത്രത്തിലെ ഹൃദയഹാരിയായ അധ്യായത്തിന്റെ പുനരാവിഷ്കരണത്തിനു നാന്ദിയായി.


വിദ്യാബാലൻ പിന്മാറിയ ശേഷം ഏറെ ആലോചനകൾക്കൊടുവിലാണ് 'ആമി' മഞ്ജുവാര്യരിലെത്തുന്നത്. ചിത്രത്തിലെ വേഷത്തെ അഭിനയജീവിതത്തിലെ ഏറ്റവും വിലപ്പെട്ടതായി കാണുന്നുവെന്നും ഏതു നടിയേയും കൊതിപ്പിക്കുന്ന അനുഭവങ്ങളാൽ സമൃദ്ധമാണ് മാധവിക്കുട്ടിയുടെ ജീവിതമെന്നും മഞ്ജു വാര്യർ പറഞ്ഞു. സിനിമയുടെ ഷൂട്ടിങ്ങിനിടെ രൺണ്ടു മാസം ഇടവേളയുണ്ടാകും. സിനിമക്കു വേണ്ടി സമയമെടുത്ത് ശരീരം സജ്ജമാക്കാനുള്ള തയ്യാറെടുപ്പ് നടത്തുന്നതിനാണിത്. കൊൽക്കത്ത, മുംബൈ, എറണാകുളം എന്നിവിടങ്ങളാണ് മറ്റു ലൊക്കേഷനുകൾ.

ജീവിതം കൊണ്ടും സാഹിത്യം കൊണ്ടും എന്നും വിവാദങ്ങളാൽ ചുറ്റപ്പെട്ടിരുന്ന ആ ജീവിതം തിരശ്ശീലയിലെത്തിക്കുന്നതിന്റെ ത്രില്ലിലാണ് സംവിധായകൻ കമൽ. മുൻപ് കമലൊരുക്കിയ മലയാളസിനിമയുടെ പിതാവായ ജെ.സി.ഡാനിയേലിന്റെ ജീവിതം പറഞ്ഞ സെല്ലുലോയ്ഡ് മികച്ച കലാമൂല്യമുള്ള ചിത്രമായിരുന്നു. തൊട്ടുപിന്നാലെയാണ് കമൽ മൂന്നു വർഷമെടുത്ത് മറ്റൊരു ഐതിഹാസിക ജീവിതവും തിരക്കഥയാക്കുന്നത്. അതും ആദ്യമായിട്ടാണ് ഒരു എഴുത്തുകാരന്റെ/എഴുത്തുകാരിയുടെ ജീവിതം സിനിമയാക്കുന്നത് എന്ന പ്രത്യേകതയുമുണ്ട്.

മാധവിക്കുട്ടിയുടെ ജീവിതത്തിലെ രണ്ടു ഘട്ടങ്ങളാണ് സിനിമയിലുള്ളത്. അതായത് 'എന്റെ കഥ' എഴുതുന്നതിനു മുൻപുള്ള മാധവിക്കുട്ടിയുടെ ജീവിതവും മതം മാറി കമലാസുരയ്യയായതിനു ശേഷമുള്ള ജീവിതവും. പൃഥ്വിരാജ് ഒരു പ്രധാന വേഷത്തിലെത്തുമ്പോൾ ഭർത്താവ് മാധവദാസായെത്തുന്നത് മുരളി ഗോപിയാണ്.

മലയാളത്തിലും ഹിന്ദിയിലുമായി ഈരണ്ട് പാട്ടുകൾ പ്രഗത്ഭർ കൈകാര്യം ചെയ്യുമ്പോൾ ശബ്ദസംവിധാനം റസൂൽ പൂക്കുട്ടിയുടേതാണ്. റീൽ ആൻഡ് റിയൽ സിനിമക്കു വേണ്ടി റാഫേൽ പി.തോമസ്, റോബൻ റോഷൻ എന്നിവരാണ് നിർമ്മാണം.






'ആമി' സിനിമക്ക് വേണ്ടി മഞ്ജൂ വാര്യരുടെ വേഷപ്പകർച്ച. ചിത്രങ്ങളും പോസ്റ്ററും ഇതിനോടകം തന്നെ സോഷ്യൽ മീഡിയ ഏറ്റെടുത്തുകഴിഞ്ഞു.

# മാധ്യമഗുരുക്കന്മാർ പടിയിറങ്ങുമ്പോൾ...

**കാര്യവട്ടം:** കഴിഞ്ഞ അധ്യയനവർഷത്തിന്റെ അവസാന നാളുകളിൽ വളരെ വൈകാരികമായ രംഗങ്ങൾക്കാണ് ഡി.സി.ജെ സാക്ഷിയായത്. മൂന്നുപതിറ്റാണ്ടിലേറെയായി ഡിപാർട്ട്മെന്റിലെ നിറസാന്നിധ്യമായിരുന്ന രണ്ട് അധ്യാപകർ ഇക്കൊല്ലം സർവിസിൽ നിന്ന് വിരമിച്ചു. ഡോ. സുഭാഷ് കുട്ടൻ സാറും പ്രൊഫ. യാസിൻ സാറും.

മാധ്യമപ്രവർത്തനത്തെ കുറിച്ചുള്ള അഗാധമായ പാണ്ഡിത്യവും പുത്തൻ മാറ്റങ്ങളെ കുറിച്ച് നിരന്തരം അറിവുപുതുക്കികൊണ്ടിരിക്കാനുള്ള പരിശ്രമവുമാണ് സുഭാഷ് സാറിനെ വിദ്യാർത്ഥികളുടെ പ്രിയപ്പെട്ട ഗുരുനാഥനാക്കിയത്. മാധ്യമഗവേഷണം, അഡ്വെർടൈസിംഗ്, കമ്മ്യൂണിക്കേഷൻ തുടങ്ങിയ മേഖലകളാണ് അദ്ദേഹം പ്രധാനമായും കൈകാര്യം ചെയ്തിരുന്നത്.

അധ്യാപനത്തിലെ വേറിട്ട ശൈലിയും വിദ്യാർഥികളെ അമ്പരപ്പിക്കുന്ന ആശയാവതരണരീതിയും യാസിൻ സാറിന്റെ സവിശേഷതകളായിരുന്നു. ക്ലാസ്സ് റൂമിനെ ഒരു രംഗവേദിയായിട്ടാണ് അദ്ദേഹം കണ്ടിരുന്നത്. അദ്ദേഹമാകട്ടെ, ആ സ്റ്റേജിൽ കലാപ്രകടനം നടത്തുന്ന ഒരു കലാകാരനും!

ഇരുവരും ഇതേ ഡിപാർട്ട്മെന്റിലെ തന്നെ വിദ്യാർത്ഥികളും പിന്നീട് സഹപ്രവർത്തകരും ആയിത്തീർന്നവരാണ്. അതുകൊണ്ട് തന്നെ ഇരുവർക്കും ഈ ക്യാമ്പസുമായി ആഴമേറിയ ആത്മബന്ധം ഉണ്ടായിരുന്നു. സഹപ്രവർത്തകർ എന്നതിനപ്പുറം, പരസ്പരം അടുത്തറിയാവുന്ന രണ്ടുസുഹൃത്തുക്കൾ കൂടിയായിരുന്നു ഇരുവരും.

മാധ്യമപ്രവർത്തനം കേവലം കടലാസിലും തൂലികയിലും മാത്രമായി ഒതുങ്ങി നിന്നിരുന്ന ഒരു കാലഘട്ടത്തിൽ അധ്യാപനജീവിതം ആരംഭിച്ച ഇവർ, സോഷ്യൽ മീഡിയയുടെയും സിറ്റിസൺ ജേണലിസത്തിന്റെയും കാലം വന്നപ്പോഴും 'ന്യൂജനറേഷൻ' മാധ്യമസങ്കല്പങ്ങൾക്കനുസരിച്ച് അധ്യാപനശൈലിയിലും മാറ്റം കൊണ്ടുവന്നു. പാരമ്പര്യമാധ്യമങ്ങളിൽ നിന്ന് നവമാധ്യമങ്ങളിലേക്കുള്ള മാധ്യമപ്രവർത്തനത്തിന്റെ രൂപാന്തരീകരണത്തിന് സാക്ഷ്യം വഹിച്ച പ്രഗൽഭരായിരുന്നു ഇരുവരും.

കേരളത്തിലെ ഇന്നത്തെ പ്രമുഖരായ അനേകം മാധ്യമപ്രവർത്തകരെയും ആശയവിനിമയവിദഗ്ധരെയും വാർത്തെടുത്തവരാണ് ഇവർ രണ്ടുപേരും. ഐ.എ.എസ്, ഐ.പി,എസ് ഉൾപ്പെടെയുള്ള ഭരണനിർവഹണസംവിധാനങ്ങളിലും ഇവരുടെ ശിക്ഷണം ലഭിച്ചിട്ടുള്ള അനേകം വിശിഷ്ടവ്യക്തികൾ ഇന്ന് സേവനമനുഷ്ഠിക്കുന്നു. മാധ്യമപ്രവർത്തനത്തിന്റെ വിശാലമായലോകത്തിലേക്ക് തങ്ങളുടെ വിദ്യാർഥികളെ നയിക്കുന്നതിൽ ഇവർ എന്നും ശ്രദ്ധാലുക്കളായിരുന്നു. സമാനതകളില്ലാത്ത അധ്യാപനപാടവവും ദീർഘവീക്ഷണവും പ്രകടിപ്പിച്ച, ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച രണ്ട് മാധ്യമഗുരുക്കന്മാരാണ് കേരളസർവകലാശാലയുടെ മാധ്യമപഠനവിഭാഗത്തിൽ നിന്ന് പടിയിറങ്ങുന്നത്.

നവമാധ്യമങ്ങളിൽ നിന്ന് പുതിയ മേച്ചിൽപുറങ്ങളിലേക്ക് മാധ്യമമേഖല വികസിക്കുമ്പോഴും തെളിമമങ്ങാത്ത ഓർമകളായി ഈ ഗുരുനാഥന്മാർ മാധ്യമപഠിതാക്കളുടെ മനസ്സിൽ എന്നും നിറഞ്ഞു നിൽക്കും.



യാസിൻ സാറും സുഭാഷ് സാറും ജേണലിസം വിഭാഗത്തിന് മുന്നിൽ.

# കലയുടെ പറുദീസയായി ഫോർട്ട് കൊച്ചി

**ആസിഫ് അബ്ദുൾ കലാം**
**അഭിജിത്ത് എസ്.എസ്.**

**കൊച്ചി**: 108 ദിവസം നീണ്ടു നിന്ന കൊച്ചിൻ മുസിരിസ് ബിനാലെ മാർച്ച് 29 നു ഫോർട്ട് കൊച്ചിയിൽ സമാപിച്ചു. രാഷ്ട്രപതി പ്രണബ് മുഖർജി ഉൾപ്പെടെ ലോകമെമ്പാടുമുള്ള അനേകം വിഖ്യാതവ്യക്തികളാണ് ബിനാലെയുടെ മൂന്നാം പതിപ്പ് സന്ദർശിച്ചത്. ലോകോത്തരനിലവാരമുള്ള ഇന്ത്യയിലെ ഒരേയൊരു തനത് കലാപ്രദർശനമേള, മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തത് 2016 ഡിസംബർ 11 നായിരുന്നു. കലാസാംസ്കാരിക രംഗത്തെ പ്രമുഖരുടെ നിറസാന്നിധ്യം ഫോർട്ട് കൊച്ചിയെ കലയുടെ ഉത്സവലഹരിയിലാഴ്ത്തിനിർത്തി. വിഖ്യാത കലാകാരൻ സുദർശൻ ഷെട്ടിയായിരുന്നു ഈ വർഷത്തെ ബിനാലെയുടെ ക്യുറേറ്റർ. ഫോർട്ട് കൊച്ചിയിലും കട്ടപ്പുറത്തുമായി സ്ഥിതി ചെയ്യുന്ന ഇരുപതോളം വേദികളാണ് ബിനാലേക്ക് അരങ്ങൊരുക്കിയത്.

കൊച്ചിൻ ബിനാലെ ഫൗണ്ടേഷനും, ടൂറിസം വകുപ്പും ചേർന്നാണ് രണ്ട് വർഷത്തിലൊരിക്കൽ ബിനാലെ സംഘടിപ്പിക്കുന്നത്. പോയ വർഷം അപ്രതീക്ഷിതമായുണ്ടായ നോട്ടുനിരോധനത്തെ തുടർന്ന് സർക്കാരിൽ നിന്ന് കിട്ടിയ വിഹിതം ഗണ്യമായി കുറയുകയും സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നുവെന്നും സംഘാടകർ പറയുന്നു. പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെയാണ് അധികൃതർ ആ വെല്ലുവിളി അതിജീവിച്ചത്.

കലയ്ക്ക് നിയതമായ പരിമിതിമികളുണ്ടെന്ന് കരുതുന്നവരുടെ കണ്ണുതുറപ്പിക്കാനും സ്വതന്ത്രമായ കലാവിഷ്കാരങ്ങൾക്ക് കൂച്ചുവിലങ്ങിടാൻ ശ്രമിക്കുന്നവർക്കെതിരെ പ്രതിഷേധിക്കാനും പ്രതിരോധിക്കാനുമുള്ള വേദിയായിരുന്നു കൊച്ചിൻ മുസിരിസ് ബിനാലെ. 'ഉൾക്കാഴ്ചകളുരുവാകുന്നിടം' എന്നതായിരുന്നു ഈ വർഷത്തെ ബിനാലെയുടെ പ്രധാനവിശേഷണം. ലോകമെമ്പാടും നിന്നുള്ള നൂറോളം വിശ്വവിഖ്യാതകലാകാരന്മാരുടെ ആയിരക്കണക്കിന് സമകാലികകലാസൃഷ്ടികളാണ് ഇവിടെ പ്രദർശനത്തിനെത്തിയത്.

ഫോർട്ട് കൊച്ചിയെ മൂന്നുമാസക്കാലത്തോളം വിദേശികളുടെ ശ്രദ്ധാകേന്ദ്രമാക്കി നിലനിർത്തുന്നതിലൂടെ വലിയൊരു ടൂറിസം സാധ്യതയാണ് ബിനാലെ തുറന്നിടുന്നത്. തന്നെ ക്യൂറേറ്റർ ആയി തിരഞ്ഞെടുത്തപ്പോൾ ഏറ്റവും അധികം സന്തോഷിക്കാൻ ഇടനൽകിയ വസ്തുത കൊച്ചിൻ ബിനാലെയുടെ ജനകീയതയാണ് എന്ന് സുദർശൻ ഷെട്ടി പറഞ്ഞു. കേരളത്തിന്റെ സംസ്കാരത്തെ പരിപോഷിപ്പിക്കാതെ ടൂറിസത്തിന് വളരാൻ സാധിക്കില്ല എന്ന് ബിനാലെ ഫൗണ്ടേഷന്റെ ട്രസ്റ്റിയായ വി. സുനിൽ അഭിപ്രായപ്പെട്ടു. ഓരോ മുക്കിലും മൂലയിലും വ്യത്യസ്തമായ സാംസ്കാരികപാരമ്പര്യങ്ങളും കലാരൂപങ്ങളും ഉറങ്ങുന്ന നാടാണ് കേരളമെന്നും അത് വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തിയാൽ ടൂറിസത്തിന് വൻ സാധ്യതകളാണുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




ഇത്തവണത്തെ ഏറ്റവും ശ്രദ്ധേയമായ ചില ബിനാലെ കാഴ്ചകൾ.
ബിനാലെ വേദികളിലേക്ക് മാത്രമായി പ്രത്യേകം സർവിസുകൾ നടത്തുന്ന ഓട്ടോറിക്ഷയും കാണാം.

പ്രധാനവേദിയായ ആസ്പിൻവാളിനു പുറമേ, ഡേവിഡ് ഹാൾ, പെപ്പർ ഹൗസ്, ദർബാർ ഹാൾ, പരേഡ് ഗ്രൗണ്ട്, കാശി ആർട്ട് കഫെ, കൊച്ചിൻ ക്ലബ്, കട്ടപ്പുറം ഫോർട്ട് എന്നിവയാണ് ഏറ്റവുമധികം കാഴ്ചക്കാരെ ആകർഷിച്ചത്. തുറസായ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഭീമാകാരമായ ആർട്ട് ഇൻസ്റ്റലേഷനുകൾ, കലാമൂല്യമുള്ള സിനിമകളുടെ പ്രദർശനം, പുസ്തകപ്രകാശനങ്ങൾ, നാടകങ്ങൾ, പാനൽ ചർച്ചകൾ എന്നിങ്ങനെ അനവധി പ്രവർത്തനങ്ങളാൽ സജീവമായിരുന്നു ബിനാലെയുടെ ഓരോ ദിവസവും. ഇസ്ത്വൻ ചക്കാനിയുടെ 'ഗോസ്റ്റ് കീപ്പിംഗ്', അനാമിക ഹക്സറിന്റെ 'കോമ്പോസിഷൻ ഓൺ വാട്ടർ', ജി.ആർ. ഇരന്നയുടെ 'ഫ്രം ആഷ് ടു ആഷ്', ഭാഗ്യനാഥിന്റെ സീക്രട്ട് ഡയലോഗ് എന്നിങ്ങനെ നീളുന്നു ജനപ്രിയമായ ബിനാലെ കാഴ്ചകൾ. പി.കെ സദാനന്ദൻ എന്ന മലയാളി ചിത്രകാരന്റെ 'പറയിപെറ്റ പന്തിരുകുലം' എന്ന ഐതിഹ്യത്തിന്റെ ചിത്രാവിഷ്കാവും ഏറെ ശ്രദ്ധ നേടി. 15 മീറ്റർ നീളവും 3 മീറ്റർ ഉയരവുമുള്ള ആ ചിത്രത്തിൽ ഐതിഹ്യം മുഴുവനായും ഉൾകൊള്ളിച്ചിരിന്നു പ്രകൃതിദത്ത ചായങ്ങൾ മാത്രം ഉപയോഗിച്ച് കൊണ്ട് വരച്ചിട്ടുള്ള രാജ്യത്തെ ഏറ്റവും വലിയ ചിത്രമാണിതെന്ന് ചിത്രകാരൻ അവകാശപ്പെട്ടു.

31 രാജ്യങ്ങളിൽ നിന്നുള്ള 97 കലാകാരന്മാരാണ് ഇവിടെ അവരുടെ കലാസൃഷ്ടികൾ പ്രദർശിപ്പിച്ചിരിക്കുന്നത്. എഴുത്തുകാർ, ശിൽപികൾ, ചിത്രകാരന്മാർ, പെർഫോമിംഗ് ആർട്ടിസ്റ്റുകൾ, ഫോട്ടോഗ്രഫർമാർ, നാടകകാരന്മാർ, സൃഷ്ടി ആർട്ടിസ്റ്റുകൾകൾ, സംഗീതഞ്ജർ, ശാസ്ത്രകാരന്മാർ എന്നിങ്ങനെ അവരുടെ പട്ടിക നീളുന്നു. അവരിൽ പലരും ഏറെ നാൾ നഗരത്തിൽ തങ്ങുകയും ചെയ്തിരുന്നു. 55 വിദ്യാലയങ്ങളുടെ പങ്കാളിത്തത്തോടെ ഒരു 'സ്റ്റുഡൻസ് ബിനാലെയും' ഇവിടെ സംഘടിപ്പിച്ചിരുന്നു.

വിദേശകലാരൂപങ്ങൾക്ക് അമിതപ്രാധാന്യം നൽകുന്ന ബിനാലെ, കേരളത്തിലെ തനത് കലാരൂപങ്ങളെ പാടെ അവഗണിക്കുന്നു എന്ന് വലിയൊരു വിഭാഗം കലാകാരന്മാർ എല്ലാകൊല്ലവും ആരോപണങ്ങൾ ഉന്നയിക്കാറുണ്ട്. ഇക്കൊല്ലം ബിനാലെയിൽ ശക്തമായ മലയാളിസാന്നിധ്യവും ഉണ്ടായിരുന്നു. പ്രശസ്ത എഴുത്തുകാരായ ആനന്ദ്, 'ഭൂപടം നിർമ്മിക്കുന്നവരും തകർക്കുന്നവരും' എന്ന ശില്പപരമ്പര ഇക്കൊല്ലം പ്രദർശിപ്പിച്ചു .അദേഹത്തെ കൂടാതെ വിഖ്യാത കാർട്ടൂണിസ്റ്റ് ഇ.പി. ഉണ്ണി, ചിത്രകാരന്മാരും ശില്പികളുമായ ടോണി ജോസഫ്, സി. ഭാഗ്യനാഥ്, കെ.ആർ സുനിൽ, ബാര ഭാസ്കരൻ, പി.കെ. സദാനന്ദൻ, ടി.വി. സന്തോഷ് എന്നിവരും ഇക്കുറി ബിനാലെയിലെ മലയാളി സാന്നിധ്യമായി.

പാബ്ലോ നെരൂദക്കും നിക്കനോർ പാർറേക്കും ശേഷം ചിലിയൻ കവിതയിൽ പുത്തൻ പാതകൾ വെട്ടിതുറന്ന റൗൾ സുരിതയായിരുന്നു ഇത്തവണത്തെ ബിനാലെയുടെ വിശിഷ്ടാതിഥി. ചാവുകടലിന്റെ തീരത്തടിഞ്ഞ ഐലാൻ കുർദി എന്ന 3 വയസ്സുള്ള സിറിയൻ അഭയാർഥി ബാലന്റെ വേദന ചിലിയൻ കവിയായ റൗൾ സുരിതയുടെ വ്യത്യസ്തമായ ആർട്ട് ഇൻസ്റ്റലേഷൻ ഓർമപ്പെടുത്തി.

വർധിച്ച സ്ത്രീ പ്രാതിനിധ്യം കൊണ്ടും ഇത്തവണത്തെ ബിനാലെ വ്യത്യസ്തമായി. തിരുവനന്തപുരം സ്വദേശിയായ മഞ്ജൂ സാറ രാജൻ ആയിരുന്നു ഇത്തവണത്തെ ബിനാലെയുടെ സി.ഇ.ഒ. ഒന്നരവർഷത്തോളം നീണ്ട ഗവേഷണത്തിനും പരിശ്രമങ്ങൾക്കും ഒടുവിലാണ് ഇത്തവണത്തെ ബിനാലെ സാധ്യമായതെന്ന് മഞ്ജൂ പറയുന്നു.

ബിനാലെ ഫൗണ്ടേഷനുമായി സഹകരിച്ച്, ഇന്റർനെറ്റ് ഭീമനായ ഗൂഗിൾ തങ്ങളുടെ കൾച്ചറൽ വെബ്സൈറ്റിലൂടെ ബിനാലെയുടെ 360 ഡിഗ്രി വിർച്വൽ റിയാലിറ്റി കാഴ്ചകൾ ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തുകയാണ്.
കൊച്ചിൻ ബിനാലേക്ക് ഒരു സ്ഥിരം വേദിയെന്ന ആവശ്യം ഇപ്പോൾ ശക്തമായി ഉയർന്നു കേൾക്കുന്നു. കഴിഞ്ഞ ബജറ്റ് പ്രഖ്യാപനത്തിൽ ഇതിനനുകൂലമായി ഉണ്ടായ പ്രഖ്യാപനം കലാസ്നേഹികൾക്ക് ഏറെ പ്രതീക്ഷ നൽകുന്നുണ്ട്. അങ്ങനെ ഒരു വേദി സ്ഥാപിതമാകുന്നെങ്കിൽ, അതിനു ഫോർട്ട് കൊച്ചിയെക്കാൾ ഉചിതമായ മറ്റൊരു വേദി കേരളത്തിൽ ഇല്ലെന്നു തന്നെ പറയാം.

# പത്മപ്രഭയിൽ നടനകല

അശ്വതി നായർ എം. എ

പുരസ്കാരങ്ങളുടെ രൂപത്തിൽ തേടിയെത്തുന്ന അംഗീകാരങ്ങളെക്കാൾ ഒരു കലാകാരനെ തൃപ്തിപ്പെടുത്തുന്നത് കാണികളുടെ പ്രോത്സാഹനപ്രവാഹമാണ്. ഏറ്റവും അർഹതയുള്ള കലാകാരന്മാരെ വേണ്ടവിധം ആദരിക്കുമ്പോഴാണ് ഒരു രാജ്യത്തിന്റെ കലാപാരമ്പര്യം അന്വർത്ഥമാകുന്നത്. വൈകിയാണെങ്കിൽപോലും ഈ വർഷത്തെ പത്മശ്രീപുരസ്കാരങ്ങൾ നൃത്തരംഗത്തെ പ്രഗത്ഭരെതന്നെ തേടിയെത്തി.

കഥകളിവിദ്വാൻ ചേമഞ്ചേരികുഞ്ഞിരാമൻനായർ, ഒഡീസിനൃത്തത്തിലെ അഗ്രഗണ്യ അരുണമൊഹന്തി എന്നിവരെ തേടി ഈ വർഷത്തെ പത്മശ്രീ പുരസ്കാരങ്ങളെത്തിയപ്പോൾ കലയെ ഉപാസിക്കുന്ന ഓരോരുത്തർക്കുമുള്ള അംഗീകാരമായി അത് മാറി. ഈ രണ്ടു വ്യക്തിത്വങ്ങൾക്ക് മുൻപിൽ, അവരുടെ കലയോടുള്ള അടങ്ങാത്ത അഭിനിവേശത്തിനു മുൻപിൽ ഭാരതീയർ ആദരവോടെ ശിരസ്സ് നമിക്കുന്നു.

തന്റെകലയെ സമൂഹസേവയ്ക്കായി സമർപ്പിക്കുന്നവർ മാത്രമേ നല്ലൊരു കലാകാരനാകുകയുള്ളൂ. അങ്ങനെയെങ്കിൽ ഭാരതീയനു തീർത്തും അഭിമാനിക്കാവുന്ന കലാകാരാണ് ചേമഞ്ചേരികുഞ്ഞിരാമൻനായരും അരുണ മൊഹന്തിയും.



ചേമഞ്ചേരി കുഞ്ഞിരാമൻനായർ

## ചേലിയയിലെ നൃത്തവിസ്മയം

102-ാം വയസ്സിലേക്ക് ഈ വർഷം കടക്കുന്ന ചേമഞ്ചേരി തന്റെ കലയിലൂടെ വേദികളെ ധന്യമാക്കാൻ തുടങ്ങിയിട്ട് 85 വർഷങ്ങൾ പിന്നിടുന്നു. ഈ പ്രായത്തിലും വേഷം കെട്ടി അരങ്ങിലെത്താൻ അദ്ദേഹത്തിന് സാധിക്കുന്നത് കലയോടുള്ള അടങ്ങാത്ത അഭിനിവേശം കൊണ്ട് തന്നെ. വളർന്നു വരുന്ന ഏതൊരുകലാകാരനും കണ്ടുപഠിക്കാൻ കഴിയുന്ന ചിട്ടയായ ജീവിതത്തിനുടമ. 2015ൽ ഇദ്ദേഹത്തിന്റെ നൂറാം ജന്മദിനം സ്വന്തം നാടായ ചേലിയയിൽ നാട്ടുകാരുടെയും കലാസാംസ്കാരികരാഷ്ട്രീയ രംഗത്തെ പ്രഗല്ഭരുടെയും സാന്നിധ്യത്തിൽ ആഘോഷപൂർവ്വം നടന്നിരുന്നു.

കോഴിക്കോട് ചേമഞ്ചേരിക്ക് അടുത്തായി ചേലിയ എന്ന ഗ്രാമത്തിലായിരുന്നു ചേമഞ്ചേരികുഞ്ഞിരാമൻനായരുടെ ജനനം. പതിനഞ്ചാം വയസ്സിൽ ഗുരു കരുണാകരമേനോന്റെ ശിക്ഷണത്തിൽ കഥകളി അഭ്യസിക്കാൻ തുടങ്ങിയ ഇദ്ദേഹത്തിന്റെ വേഷങ്ങളിൽ ഇന്നും ആ പതിനഞ്ചുകാരന്റെ ഊർജ്ജം പ്രകടമാണ്. ഓരോ ചലനത്തിലും പ്രായത്തെ വകവയ്ക്കാതെയുള്ള പരിശീലനത്തിന്റെ മികവ് കാണാൻ സാധിക്കും. പതിനഞ്ചാം വയസ്സിൽ സ്വന്തം താല്പര്യപ്രകാരമാണ് നാടകനടനായ ഗോവിന്ദമേനോന്റെ സഹായത്തിൽ ചേമഞ്ചേരി, 'രാധാകൃഷ്ണകഥകളിയോഗം' എന്ന പ്രസിദ്ധമായ കഥകളി സംഘത്തിന്റെ ഭാഗമാകുന്നത്. സഹോദരിയുടെ പക്കൽനിന്നും നാല് അണയുമായി ആദ്യമായി ഗുരുഭവനമായ തിക്കോടിയിലേക്കു ട്രെയിനിൽ യാത്ര തിരിക്കുമ്പോൾ പതിറ്റാണ്ടുകൾ നീണ്ടു നിൽക്കാൻ പോകുന്ന യാത്രയാകും അതെന്ന് അദ്ദേഹം പോലും തിരിച്ചറിഞ്ഞിരുന്നില്ല.

കച്ചകെട്ടൽ, ഉഴിച്ചിൽ, കളരി എന്നിവയോട് കൂടി രാവിലെ 3 മണിക്ക് പരിശീലനം ആരംഭിക്കുന്നതായിരുന്നു രീതി. തുടർന്ന് 6 വർഷത്തെ കഠിനമായ പരിശീലനത്തിലൂടെ മികച്ചൊരു കലാകാരനായി ചേമഞ്ചേരി മാറി. അധികം വൈകാതെ തന്നെ വേദികളിൽ നിന്നും വേദികളിലേക്ക് അദ്ദേഹം വളർന്നു. ആദ്യകാലങ്ങളിൽ കാൽനടയായാണ് പരിപാടികൾക്ക് പോയിരുന്നത്. ഗുരു കരുണാകര മേനോന്റെ മരണത്തോടെ രാധാകൃഷ്ണ കഥകളി യോഗം ക്ഷയിക്കുകയും ചേമഞ്ചേരിക്കു യോഗത്തെ ഉപേക്ഷിക്കേണ്ടി വരുകയുംചെയ്തു. എന്നാൽ ആ കാലഘട്ടത്തിനുള്ളിൽ തന്നെ തന്റെ കലയുടെ വൈഭവത്താൽ ചേമഞ്ചേരി പ്രസിദ്ധിയാർജ്ജിച്ചു കഴിഞ്ഞിരുന്നു. തുടർന്ന് 1940കളിൽ കടത്തനാട്ട് ഭരണാധികാരി കടത്തനാട്ട് കഥകളി യോഗത്തിന്റെ ഭാഗമായി. 1950കൾക്ക് മുൻപ് നൃത്തം പഠിക്കണമെന്ന മോഹവുമായി കലാമണ്ഡലം മാധവൻ നായരെ സമീപിച്ചു. കഥകളിയുടെ മുദ്രകളും മോഹിനിയാട്ടത്തിന്റെ ചുവടുകളും സമന്വയിപ്പിച്ചു മാധവൻ നായരിൽ നിന്നും കേരള നടനമെന്ന് ഇന്ന് വ്യാപകമായി അറിയപ്പെടുന്ന കല അഭ്യസിച്ചു. തുടർന്ന് ചേമഞ്ചേരിയും ഗുരു ഗോപിനാടും ഈ കലയെ കൂടുതൽ ജനകീയമാക്കി. കേരളനടനം കൂടാതെ ഗുരു ബാലചന്ദ്ര ഭായിൽ നിന്നും ഒരു വർഷത്തോളം ഭരതനാട്യവും അഭ്യസിച്ചിട്ടുണ്ട്.

1945ൽ വടക്കൻ കേരളത്തിലെ തന്നെ ആദ്യ നൃത്തശാലയായ 'ഭാരതീയ നാട്യകലാലയം' ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. 1983 ൽ സ്വന്തം ഗ്രാമമായ ചേലിയയിൽ ' ചേലിയ കഥകളി വിദ്യാലയം' സ്ഥാപിച്ചു. പത്മശ്രീയ്ക്ക് മുൻപ് മറ്റു അനവധി പുരസ്കാരങ്ങൾ നൽകി രാജ്യം ഇദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. കഥകളിക്കു അദ്ദേഹം നൽകിയ സംഭാവനകളെ പരിഗണിച്ചു 1979ൽ കേരള സംഗീത നാടക അക്കാദമി പുരസ്ക്കാരവും , 1999ൽ ഫെല്ലോഷിപ്പും നൽകി. 2001 ൽ കലാമണ്ഡലം അവാർഡ്, 2002 ൽ ദർപ്പണം നാട്യകുലപതി അവാർഡ്, മയിൽപ്പീലി അവാർഡ്, കേരള കലാമണ്ഡലം കലാരത്നം അവാർഡ് എന്നിവയും ലഭിച്ചിട്ടുണ്ട്.

## 'തിങ്കിങ് ഡാൻസർ'

'തിങ്കിങ് ഡാൻസർ' അഥവാ ചിന്തിക്കുന്ന നർത്തകി എന്നറിയപ്പെടുന്ന ഒഡീസി നർത്തകിയാണ് ശ്രീമതി അരുണ മൊഹന്തി. തന്റെ ഓരോ പ്രകടനവും വ്യത്യസ്തവും മനോഹരവുമായ ഘടകങ്ങൾ കൊണ്ട് സമ്പന്നമാക്കുകയാണ് അരുണ മൊഹന്തിയുടെ പതിവ്. പുരാണ കഥാപാത്രങ്ങളുടെ ചലനങ്ങളിലടക്കം പലതിലും അരുണയുടെ നിരീക്ഷിണപാടവത്തിന്റെ പ്രതിച്ഛായ പ്രകടമാണ്. ആകർഷണീയമായ ചുവടുകളും കാണികളെ വിസ്മയത്തിലാക്കുന്ന പ്രാഗൽഭ്യവും അരുണയെ വ്യത്യസ്തയായ നർത്തകിയാക്കുന്നു. അരുണയുടെ അവതരണങ്ങളിലെ ഭാവം രാഗം താളം എന്നിവയുടെ സമ്പൂർണ്ണസംയോജനം പ്രേക്ഷകന്റെ മനസ്സിലേക്ക് ആഴ്ന്നിറങ്ങുന്നു.

ഭാരതത്തിനകത്തും പുറത്തുമായി നിരവധി അവതരണങ്ങളിലൂടെ ഒഡിസ്സിയെ ജനപ്രിയമാക്കിയവരിൽ അരുണ പ്രധാനപങ്കുവഹിച്ചിട്ടുണ്ട്. തൻറെ കലയെ നൂതനചിന്തകൾക്ക് ആധാരമാക്കുകയും സമൂഹത്തിന്റെ ക്ഷേമത്തിനായി അത് ഉപയോഗിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ കലാകാരനെന്ന് ഇവർ ഉറച്ചു വിശ്വസിക്കുന്നു. പാരമ്പര്യ നൃത്തസങ്കല്പങ്ങളിൽ നിന്ന് ഒരു നർത്തകി മാറി ചിന്തിക്കാത്തത് പ്രേക്ഷക സ്വീകാര്യതയെപറ്റി വ്യാകുലപ്പെടുന്നത് കൊണ്ടാണ്. കാണികളുടെ അഭിനന്ദങ്ങൾ മാത്രമല്ല വിമർശനങ്ങളും തുറന്നമനസ്സോടെ സ്വീകരിക്കണം എന്നിങ്ങനെയുള്ള വ്യത്യസ്തമായ കാഴ്ചപാടുകൾ കൊണ്ടും അരുണ വേറിട്ട് നിൽക്കുന്നു.

ഒറീസ ഡാൻസ് അക്കാഡമി (ODA) ൽ നൃത്തപഠനം ആരംഭിച്ച അരുണ നർത്തകി, നൃത്തസംവിധായക, ഭരണാധികാരി എന്നീ നിലകളിൽ പ്രസിദ്ധയാണ്. ഭാവങ്ങളിലൂടെ അതിശയിപ്പിക്കുന്ന പ്രകടനം കാഴ്ചവയ്ക്കുന്ന അരുണ പത്മശ്രീ ഗുരുഗംഗാധർ പ്രധാൻ, കേളു ചരൺമഹാപട്ര എന്നിവരുടെ ശിഷ്യയാണ്.ഒഡീസി നൃത്തത്തിന്റെ പരിണാമം, ചരിത്രം എന്നിവയെപറ്റിയും വിപുലമായ അറിവും ഇവർ നേടിയെടുത്തിട്ടുണ്ട്.

കലാരംഗത്തെ അവിസ്മരമണീയ സംഭാവനകളെ കണക്കിലെടുത്തു രാജ്യം നിരവധി പുരസ്ക്കാരങ്ങൾ നൽകി ആദരിച്ചിട്ടുണ്ട്. 1997ൽ മഹാരി അവാർഡ്, 2001ൽ സഞ്ജുക്തപാണിഗ്രഹി മെമ്മോറിയൽ നാഷണൽ അവാർഡ്, 2010 ൽ കേന്ദ്ര മനുഷ്യവിഭവവകുപ്പിന്റെ ഫെലോഷിപ്പും, സംഗീത നാടക അക്കാഡമി പുരസ്ക്കാർ എന്നിവയും ലഭിച്ചിട്ടുണ്ട്. ദേശീയ സംഗീത നാടക അക്കാദമിയുടെ അംഗമായി പ്രവർത്തിച്ചിരുന്ന ഇവർ ഇപ്പോൾ ഒഡീഷ സംഗീത നാടക അക്കാഡമിയുടെ വൈസ് പ്രസിഡന്റായി പ്രവർത്തിക്കുകയാണ്.



അരുണ മൊഹന്തി

# കാടിനുള്ളിലെ കാഴ്ചകൾ തേടി...

തസ്നീം മുഹമ്മദ്


**പാലോട്:** മണ്ണിനോടും പച്ചപ്പിനോടുമുള്ള അഭിനിവേശം ക്യാൻവാസുകൾക്കും ചായക്കൂട്ടുകൾക്കുമപ്പുറം ക്യാമറയിലേക്ക് കടന്നപ്പോൾ പിറന്നത് ഒരു ലക്ഷത്തിലധികം മനോഹരചിത്രങ്ങൾ! ഒരുകർഷകകുടുംബത്തിൽ ജനിച്ചതുകൊണ്ടാവാം സാലി പാലോട് എന്നറിയപ്പെടുന്ന മുഹമ്മദ് സാലിക്ക് പ്രകൃതിയോടും ജീവജാലങ്ങളോടും ഇത്ര കരുതൽ. ഭരതന്നൂർ ഹയർസെക്കൻഡറി സ്കൂളിലെ ചിത്രകലാ അധ്യാപകനാണ് ഇദ്ദേഹം.

നിഗൂഢമായ വനങ്ങളുടെയും പക്ഷിമൃഗാദികളുടെയും സൂക്ഷ്മചലനങ്ങളും രഹസ്യങ്ങളും വരെ ഇദ്ദേഹത്തിനു നന്നായി അറിയാം. അതുകൊണ്ടാവാം വന്യമൃഗങ്ങളും പക്ഷികളും പ്രാണികളും കാട്ടുപ്പൂക്കളും സർപ്പങ്ങളുമെല്ലാം സാലി പാലോടിന്റെ ക്യാമറക്ക് മുന്നിൽ ഭംഗിയായി പോസ് ചെയ്യുന്നത്. കാറ്റിന്റെയും മഞ്ഞിന്റെയും മഴയുടെയും ഒക്കെ വരവ് ഒരു കാലാവസ്ഥാ വിദഗ്ദ്ധനെപോലെ ഈ ഫോട്ടോഗ്രാഫർക്ക് നേരത്തെ തിരിച്ചറിയാൻ കഴിയുന്നു.

അധ്യാപനജീവിതത്തിന് ഇടവേളകൾ നൽകിയാണ് ഇദ്ദേഹം കാടുകളിലേക്ക് യാത്ര തിരിക്കുന്നത്. വ്യക്തമായ ആസൂത്രണവുമായാണ് ഓരോ യാത്രയും. മനോഹരമായ ചിത്രങ്ങളുമായിട്ടായിരിക്കും തിരികെയെത്തുക.

വരകൾക്കുള്ളിൽ പ്രകൃതിയുടെ സൗന്ദര്യം മുഴുവനായി പകർത്താനാകില്ലെന്നു ബോധ്യപ്പെട്ടതോടെയാണ് ഫോട്ടോഗ്രഫിയിലേക്ക് കടന്നത്. കാപട്യമില്ലാത്ത ചിത്രങ്ങൾ, അത് വരക്കുന്നതായാലും പകർത്തുന്നതായാലും സർഗാത്മക രചനയാണെന്ന് ഇദ്ദേഹം പറയുന്നു. ആധുനിക ഡിജിറ്റൽ യുഗത്തിൽ ഫോട്ടോഗ്രാഫർമാർക്ക് എടുക്കുന്ന ചിത്രങ്ങളോടും സമൂഹത്തോടും പ്രതിബദ്ധത കുറഞ്ഞുവരികയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തുന്നു.

പേപ്പാറ, പെരിയാർ, മൂന്നാർ, ഇരവികുളം, നെയ്യാർ, വയനാട്, സൈലന്റ് വാലി, പറമ്പിക്കുളം, ഷെന്തുരുണി, ബന്ദിപൂർ, തുടങ്ങിയ വന്യജീവി സങ്കേതങ്ങളെ പൂർണമായും ഉൾക്കൊള്ളുന്ന നിരവധി ചിത്രങ്ങൾ ഇദ്ദേഹം പകർത്തിയിട്ടുണ്ട്. കാട്ടാന, കടുവ, കാട്ടുപോത്ത്, സിംഹവാലൻ കുരങ്ങ്, മരയോന്ത്, മക്കാച്ചിക്കാട, നീലതത്ത, കോഴിവേഴാമ്പൽ, കടുവച്ചിലന്തി, വിവിധയിനം ഓർക്കിഡുകൾ, കൂണുകൾ, തവളകൾ നീലക്കുറിഞ്ഞി, എന്നീ അപൂർവജീവികൾക്കും പുഷ്പങ്ങൾക്കും പുറമേ മഴക്കാടുകൾ, ഇലകൊഴിയുന്ന വരണ്ട വനങ്ങൾ, മിരിസിക്കാ കാടുകൾ എന്നിവയുടെ കണ്ടാലും കണ്ടാലും തീരാത്തത്ര ചിത്രങ്ങളുണ്ട് ഇദ്ദേഹത്തിന്റെ കൈവശം. 1994 മുതൽ വന്യജീവി ഫോട്ടോഗ്രഫി ആരംഭിച്ച ഈ 55 കാരൻ പ്രകൃതി ചൂഷണത്തിനെതിരെയും പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണത്തിന് വേണ്ടിയും പ്രവർത്തിച്ചു വരുന്നു. അത്യപൂർവ ജനിതകമാറ്റത്തിലൂടെ ഉണ്ടായതായി ശാസ്ത്രഞ്ജർ കരുതുന്ന 'കല്ലാന' (തുമ്പിയാന) യുടെ ചിത്രം ആദ്യമായി പകർത്തിയതും പുറംലോകത്ത് എത്തിച്ചതും ഇദ്ദേഹമാണ്. 2014 ലെ സംസ്ഥാന ഫോട്ടോഗ്രഫി മത്സരത്തിൽ രണ്ടാം സ്ഥാനവും, കേരള വനംവകുപ്പിന്റെ 9 പുരസ്കാരങ്ങളും ഉൾപ്പെടെ 75 ഓളം അവാർഡുകൾ നേടിയിട്ടുണ്ട്. ഇതുവരെയുള്ള വനയാത്രകളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തി ഒരു പുസ്തകം പ്രസിദ്ധീകരിക്കാനുള്ള തയാറെടുപ്പിലാണ് ഇദ്ദേഹം ഇപ്പോൾ.



മുഹമ്മദ് സാലി





# ധോണി പടിയിറങ്ങുമ്പോൾ...



**ജിത്തു. ജി.എ.**

ഇന്ത്യൻ ക്രിക്കറ്റിൽ സൗരവ് ഗാംഗുലി നായകനായി കത്തി നിൽക്കുന്ന സമയം. യുവരാജ് സിങ് ഭാവിയുടെ വാഗ്ദാനമെന്ന് അറിയപ്പെട്ടു വരുന്നു. അപ്പോൾ ഗാംഗുലിയുടെ സ്വന്തം ബംഗാളിലെ ഖരഖ്പൂർ റെയിൽവേസ്റ്റേഷനിൽ ടിക്കറ്റ് പരിശോധകനായി ജോലി ചെയ്യുകയായിരുന്നു മഹേന്ദ്രസിങ് ധോണി. ധോണി പിന്നീട് ഗാംഗുലിയും യുവരാജ് സിങും ഉൾപ്പെട്ട ടീമുകളുടെ നായകനായി മാറി ഇന്ത്യക്ക് ലോകകപ്പ് നേടിത്തന്നു. 2017ൽ ക്യാപ്റ്റൻ പദവി ഒഴിയുമ്പോഴേക്കും ഇന്ത്യൻ ക്രിക്കറ്റിലെ ഏറ്റവും മികച്ച ക്യാപ്റ്റനെന്ന റെക്കോഡും സ്വന്തം പേരിലാക്കി.

ഒരു സിനിമാക്കഥ പോലെ രസകരമാണ് മഹേന്ദ്രസിങ് ധോണിയെന്ന ക്രിക്കറ്റ് കളിക്കാരന്റെ ജീവിതം. അതുകൊണ്ടു തന്നെയാണ് നീരജ് പാണ്ഡെ ഹിന്ദിയിൽ 'ധോണി: ദ അൺടോൾഡ് സ്റ്റോറി' എന്ന സിനിമയുമായെത്തി 2016ൽ മുടക്കുമുതൽ തിരിച്ച്പിടിച്ചത്.

1981 ജൂലായ് ഏഴിന് റാഞ്ചിയിലെ രാജ് പുത് കുടുംബത്തിൽ ജനിച്ച ധോണി സ്കൂൾ പഠനകാലത്ത് ഫുട്ബോളും ബാഡ്മിന്റണുമാണ് കളിച്ചിരുന്നത്. ഫുട്ബോളിൽ ഗോൾ കീപ്പറായിരുന്നു. അതിനിടെ ഒരു പ്രാദേശിക ക്ലബ്ബിനു വേണ്ടി ക്രിക്കറ്റിൽ വിക്കറ്റ് കീപ്പറായതാണ് വലിയ തുടക്കമായത്. മികച്ച കളി പുറത്തെടുത്തതോടെ 199798 സീസണിലെ വിനു മങ്കാദ് ട്രോഫിക്കുള്ള അർ 16 ടീമിൽ ഇടം പിടിച്ചു. പത്താം ക്ലാസിനു ശേഷമാണ് ക്രിക്കറ്റ് ഗൗരവമായെടുക്കാൻ ധോണി തീരുമാനിച്ചത്. പിന്നീട് ബിഹാറിന്റെയും ജാർഖണ്ഡിന്റെയും രഞ്ജി ട്രോഫി ടീമിലെത്തി.

പഠനത്തിനുശേഷം ജോലി തേടി ധോണി കൊൽക്കത്തയിലെത്തി. സൗത്ത് ഈസ്റ്റേൺ റെയിൽവെ ഡിവിഷണൽ മാനേജർ അനിമേഷ് കുമാർ ഗാംഗുലിയുടെ ടീമിനുവേണ്ടി ഒരു വിക്കറ്റ് കീപ്പർ ബാറ്റ്സ്മാനെ നോക്കി നടക്കുന്ന സമയമായിരുന്നു അത്. അങ്ങനെ ഇന്ത്യൻ എ ടീമിൽ ധോണി ഇടം നേടി.

നല്ലൊരു വിക്കറ്റ് കീപ്പർ ബാറ്റ്സ്മാന്റെ അഭാവം മൂലം രാഹുൽ ദ്രാവിഡിനെ ആ റോളിൽ പരീക്ഷിക്കുന്ന സമയമായിരുന്നു അത്. പാകിസ്താൻ എ ടീമിനെതിരെ തുടർച്ചയായി സെഞ്ചുറി നേടിയ ധോണിയെ പരീക്ഷിക്കാൻ സെലക്ടർമാർ തീരുമാനിച്ചു. അങ്ങനെ 2004 ഡിസംബർ 23ന് ധോണി ബംഗ്ലാദേശിനെതിരെ ആദ്യ ഏകദിനത്തിനിറങ്ങി. ബംഗ്ലാദേശ് പര്യടനത്തിൽ ധോണി അത്ര ശോഭിച്ചില്ല. എന്നാൽ പിന്നീട് നടന്ന പാകിസ്താനെതിരായ പരമ്പരയിൽ തന്റെ അഞ്ചാം ഏകദിനത്തിൽ 148റൺസെടുത്ത് സെലക്ടർമാർ അർപ്പിച്ച വിശ്വാസം ധോണി കാത്തു. അതോടെ ടീം ഇന്ത്യയിൽ അദ്ദേഹം സ്ഥാനമുറപ്പിക്കുകയും ചെയ്തു. തുടർന്ന് നടന്ന ട്വന്റി 20 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിന്റെ ക്യാപ്നായി ധോണിയെ തിരഞ്ഞെടുത്ത അതേ വർഷം ഓസ്ട്രേലിയക്കെതിരായുള്ള പരമ്പരയിൽ ഏകദിനത്തിലും 2008ൽ ടെസ്റ്റിലും ഇന്ത്യൻ നായകനായി. ഷോട്ടുകളുടെ കരുത്തായിരുന്നു ധോണിയെന്ന ബാറ്റ്സ്മാന്റെ പ്രത്യേകത. ബൗളർമാരുടെ ആത്മവിശ്വസം ചോർത്തുന്ന ഹെലിക്കോപ്ടർ ഷോട്ടുകളാണ് മാസ്റ്റർ പീസ്. സ്റ്റമ്പിങ്ങുകളിലെ വേഗം മികച്ച വിക്കറ്റ് കീപ്പറാക്കി മാറ്റി. വല്ലപ്പോഴും മാത്രം ബൗൾ ചെയ്യാനിറങ്ങുന്ന ധോണി അന്താരാഷ്ട്ര ക്രിക്കറ്റിൽ ഏകദിനത്തിൽ ഒരു വിക്കറ്റ് വീഴ്ത്തിയിട്ടുണ്ട്. 2009 ലെ ചാമ്പ്യൻസ് ട്രോഫിയിൽ വെസ്റ്റ്ൻഡീസ് ബാറ്റ്സ്മാനായ ടി. എം. ഡൗളിനാണ് ധോണിയുടെ ഏക ഇര.


സച്ചിന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു തന്റെ കരിയറിൽ ഒരു ലോകകപ്പ് നേടുക എന്നത്. ക്രിക്കറ്റ് ദൈവത്തിന്റെ ആ അഭിലാഷം പൂർത്തിയാക്കാൻ പിറന്ന കർമയോഗിയായിരുന്നു മഹേന്ദ്രസിംഗ് ധോണി. ധോണിയുടെ ക്യാപ്റ്റൻസിയിലാണ് സച്ചിൻ ഉൾപ്പെടെയുള്ള ടീം 2011 ലെ ഐ. സി. സി. വേൾഡ് കപ്പ് നേടിയത്. ധോണിയുടെ ത്രസിപ്പിക്കുന്ന ഒരു സിക്സറോടെയാണ് അന്ന് ഇന്ത്യ കപ്പിൽ മുത്തമിട്ടത്. അന്ന്, ആ സിക്സറിന് ശേഷം സച്ചിനെ മാത്രം ആഘോഷങ്ങൾക്ക് വിട്ടുകൊടുത്തു കൊണ്ട്, ഒരു ചെറുപുഞ്ചിരിയോടെ ആരവങ്ങൾക്കിടയിൽ നിന്ന് ഡ്രസ്സിംഗ് റൂമിലേക്ക് മടങ്ങിയ ധോണിയെ ആരും മറക്കാൻ ഇടയില്ല. ഏത് പ്രതിസന്ധി ഘട്ടത്തിലും മനക്കരുത്തോടെ നിന്ന് ടീമിനെ വിജയത്തിലെത്തിക്കാനുള്ള ധോണിയുടെ കഴിവാണ് അദ്ദേഹത്തിന് 'ക്യാപ്റ്റൻ കൂൾ' എന്ന പേര് നൽകിയത്. ധോണി പടിയിറങ്ങുന്നത് ഒട്ടേറെ റെക്കോഡുകളുമായാണ്. 2007ലെ ട്വന്റി 20 ലോകകപ്പും 2011 ലോകകപ്പും നേടിയെടുക്കുന്നതിൽ ധോണി ബാറ്റ് കൊണ്ടും തന്ത്രങ്ങൾ കൊണ്ടും നേതൃത്വം നൽകി. 2009ൽ ഐ. സി. സി. ടെസ്റ്റ് ടീം റാങ്ക് പട്ടികയിൽ ഇന്ത്യയെ ഒന്നാംസ്ഥാനക്കാരാക്കിയതിൽ പ്രധാന പങ്ക് വഹിച്ചതും മറ്റാരുമല്ല.

ഇന്ത്യൻ ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ മത്സരങ്ങൾ വിജയിച്ച നായകനാണ് ധോണി. 60 ടെസ്റ്റുകളിൽ 27 വിജയം. 15 സമനില. ഏകദിനത്തിൽ 199 മത്സരങ്ങളിൽ 110 വിജയം. 4 സമനില. ട്വന്റ്റി 20യിൽ 72 മത്സരങ്ങളിലായി 41 വിജയവും. ഇന്ത്യയുടെ ഏറ്റവും മികച്ച ബാറ്റ്സ്മാൻമാരിലൊരാളും മികച്ച വിക്കറ്റ് കീപ്പറുമായ ധോണിയുടെ ആ മേഖലയിലെ റെക്കോഡുകൾ ഇനിയും വർധിക്കുമെന്നുറപ്പ്.

## എം.സി.ജെ. വിദ്യാർത്ഥിനികൾക്ക് യൂറോപ്യൻ ക്രെഡിറ്റ്

**കാര്യവട്ടം:** കേരള സർവ്വകലാശാലയിലെ കമ്മ്യൂണിക്കേഷൻ ആന്റ് ജേണലിസം വിഭാഗവും സ്വീഡനിലെ ലുണ്ട് സർവ്വകലാശാലയുമായുള്ള അക്കാദമിക സഹകരണം രണ്ടാം ഘട്ടത്തിലേക്ക്. സ്വീഡിഷ് സർക്കാർ ഏർപ്പെടുത്തിയ ലിനയേസ് പാമേ ഫെലോഷിപ്പ് തുക ഉപയോഗിച്ചാണ് ലുണ്ട് സർവ്വകലാശാലയിലെ ജേർണലിസം വിഭാഗവുമായുള്ള പരസ്പരസഹകരണം നടന്നു വരുന്നത്. ഇതുപ്രകാരം 2017ൽ എം.സി.ജെ. വിദ്യാർത്ഥിനികളായ അഖില എം, രുക്കു സുമയ്യ എന്നിവർ സ്വീഡനിലെ ലുണ്ട് സർവ്വകലാശാലയിൽ നിന്ന് ഡിജിറ്റൽ ജേണലിസത്തിൽ 21 യൂറോപ്യൻ ക്രെഡിറ്റുകൾ സ്വന്തമാക്കി.

2017 ജനുവരി മുതൽ മൂന്നു മാസമായിരുന്നു കോഴ്സിന്റെ കാലാവധി. ജേണലിസം വിഭാഗത്തിലെ അധ്യാപകരായ മാഗി ജെ., ഡോ.എം.എസ്.ഹരികുമാർ എന്നിവർ ലുണ്ട് സർച്ചകലാശാലയിൽ ഒരു മാസം വീതം അധ്യാപനവും ഈ കാലയളവിൽ നടത്തി. ലുണ്ട് സർവ്വകലാശാലയിലെ രണ്ട് അധ്യാപകർ ഓഗസ്റ്റിൽ കേരള സർവ്വകലാശാലയിലെ ജേണലിസം വിഭാഗത്തിൽ അധ്യാപനത്തിനെത്തും.



സ്വീഡനിലെ ലുണ്ട് സർവകലാശാലയിൽ രുക്കു സുമയ്യ, അഖില എം എന്നിവർ.

## കലയുടെ ഉത്സവക്കാഴ്ചകൾ...









അനന്തപുരിയുടെ മനസ്സും മിഴിയും തുറന്ന് അഞ്ച് രാപ്പകലുകളിലായി 2017 മാർച്ച് 27 മുതൽ 31 വരെ നടന്ന കേരള സർവകലാശാലയുടെ 39 മത് യുവജനോത്സവത്തിൽ നിന്ന്. സ്പോട്ട് ഫോട്ടോഗ്രാഫിയിൽ ഒന്നാം സ്ഥാനം നേടിയ ഡി.സി.ജെ വിദ്യാർഥി വിവേക് രാജ് പകർത്തിയ ദൃശ്യങ്ങൾ. കലോത്സവത്തിൽ കാര്യവട്ടം ക്യാമ്പസ് മൂന്നാം സ്ഥാനവും സാഹിത്യരചനാ മത്സരങ്ങളിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കി.

# ട്രോളുകൾക്ക് പിന്നിലെ ചിരിയും ചിന്തയും

ആസിഫ് അബ്ദുൽ കലാം

അധികാരികളുടെ കൊള്ളരുതായ്മകളെ കണക്കറ്റു പരിഹസിക്കാൻ പണ്ട് കുഞ്ചൻ നമ്പ്യാർ അവതരിപ്പിച്ച ഓട്ടൻ തുള്ളൽ ഓർമയില്ലേ? ഹാസ്യത്തിൽ പൊതിഞ്ഞ ആവിഷ്കാരത്തിലൂടെ ജനങ്ങളുടെ കണ്ണു തുറക്കാൻ സാധിച്ച ആ കല, വളരെ വേഗം ജനകീയമായി വളർന്നു. കേവലം തമാശക്കപ്പുറം ഗൗരവകരമായ സാമൂഹികധർമവും അത് നിർവഹിച്ചിരുന്നു. അത്തരത്തിൽ നോക്കിയാൽ, ആക്ഷേപഹാസ്യത്തിന്റെ ആധുനികസൈബർ രൂപമാണ് ട്രോളുകൾ. സമൂഹമാധ്യമങ്ങളിലൂടെ ലക്ഷക്കണക്കിന് ആളുകളിലേക്ക് ദിനംപ്രതി പ്രചരിക്കുന്ന ട്രോളുകളുടെ സൃഷ്ടിക്ക് പിന്നിലും ഒത്തിരി ചിന്തയും ചിരിയും അധ്വാനവും ചിലവഴിക്കുന്നവരുണ്ട്. സൈബർ സ്പേസിലെ ഏറ്റവും ജനകീയമായ ഒരു പ്ലോട്ട് ആയി ട്രോൾ പേജുകൾ മാറിക്കഴിഞ്ഞു.

### ഐ.സി.യുവും ട്രോൾ മലയാളവും.

ഫേസ്ബുക്കിലെ മലയാളികളുടെ ഏറ്റവും പ്രിയപ്പെട്ട 'ട്രോളിടങ്ങൾ' ആണ് ഐ.സി.യുവും ട്രോൾ മലയാളവും. ഏറ്റവും കൂടുതൽ മലയാളികൾ പിന്തുടരുന്ന മലയാളം ട്രോൾ പേജുകളാണ് ഇവ രണ്ടും. 'ഇന്റർനാഷണൽ ചളു യൂണിയൻ' എന്നതിന്റെ ചുരുക്കപ്പേരാണ് ഐ.സി.യു. ഇന്റർനാഷണൽ ഒക്കെ പേരിലെ ഉള്ളു, സംഗതി തനി ലോക്കൽ ആണ്. ചിലപ്പോഴൊക്കെ പേര് സൂചിപ്പിക്കുന്ന പോലെ തന്നെ നല്ല ഒന്നാന്തരം 'ചളു' പോസ്റ്റുകളും ഈ പേജിൽ ഇടം പിടിക്കാറുണ്ട്. നിലവാരം തീരെയില്ലാത്ത, കഷ്ടപ്പെട്ട് ചിരിക്കാൻ ശ്രമിച്ചാൽ പോലും ചിരി പൊട്ടാതെ പാഴായിപ്പോകുന്ന തമാശകളെയാണ് '***ചളു***' എന്ന് വിളിക്കുന്നത്.

പല മേഖലകളിൽ ജോലി ചെയ്യുകയും പഠിക്കുകയും ചെയ്യുന്ന ഏതാനും ചെറുപ്പക്കാരുടെ കൂട്ടായ്മയാണ് ഈ രണ്ട് പേജുകളും നിയന്ത്രിക്കുന്നത്. ഖത്തറിലെ ഒരു പ്രമുഖ കമ്പനിയിൽ ജോലി ചെയ്യുന്ന ശരത് മേനോൻ ആണ് ട്രോൾ മലയാളം എന്ന പേജ് തുടങ്ങിയത്. ജോലിക്കിടയിൽ കിട്ടുന്ന വളരെ ചെറിയ ഇടവേളകളിലാണ് അദ്ദേഹം ട്രോളുകൾ ഉണ്ടാക്കിയിരുന്നത്. പിന്നീട് സുഹൃത്തുക്കളും സഹപ്രവർത്തകരും ആയ പല മലയാളികളും കൂടെ ചേർന്നതോടെ സംഭവം വൈറൽ ആയി. ഓരോ ട്രോൾ പേജിനും അവരവരുടേതായ ട്രോൾ ഗ്രൂപ്പുകൾ ഉണ്ട്. അതിൽ ആർക്കു വേണമെങ്കിലും പുതിയ ട്രോളുകൾ ഉണ്ടാക്കി ഇടാം. അവയിൽ നിന്ന് നിലവാരമുള്ളവ തിരഞ്ഞെടുത്ത് പോസ്റ്റ് ചെയ്യുന്ന ജോലിയാണ് അഡ്മിൻമാർ നിർവഹിക്കുന്നത്. പേജിൽ വരുന്ന ട്രോളുകളുടെ സൃഷ്ടാവ് ആരാണെന്നു വ്യക്തമായി ഓരോന്നിലും പോസ്റ്റ് ചെയ്യുകയും ചെയ്യും. ഒരു ഫേസ്ബുക്ക് അക്കൗണ്ടും നിത്യജീവിതത്തിൽ കേൾക്കുന്ന വാർത്തകളിൽ നിന്നും സംഭവവികാസങ്ങളിൽ നിന്നുമൊക്കെ ഒരു ട്രോളിനുള്ള വക കണ്ടെത്താനുള്ള മിനിമം ഹാസ്യബോധവും, പിന്നെ അത്യാവശ്യം ഫോട്ടോ എഡിറ്റിംഗ് ടെക്നിക്കുകളും അറിയാമെങ്കിൽ നിങ്ങളുടെ ഉള്ളിലും ഒരു നല്ല ട്രോളൻ ഉറങ്ങിക്കിടക്കുന്നു എന്ന് ഈ അഡ്മിന്മാർ സാക്ഷ്യപ്പെടുത്തുന്നു.

മേൽപ്പറഞ്ഞ രണ്ട് ട്രോൾ പേജുകളുടെയും ഏറ്റവും ഹൃദ്യമായ പ്രത്യേകത എന്തെന്നാൽ, ഇവ രണ്ടിനും ഒരു രാഷ്ട്രീയ പാർട്ടിയോടോ മതത്തിനോടോ മറ്റേതെങ്കിലും പ്രത്യേകജനവിഭാഗങ്ങളോടോ (ഇതുവരെ) ചായ്‌വ് ഇല്ല എന്നതാണ്. എന്തിനെയും വിമർശിക്കാനും കളിയാക്കാനും ഉള്ള ഇടങ്ങൾ മാത്രമല്ല ട്രോൾ പേജുകൾ. പലപ്പോഴും പരിഹാസങ്ങൾ കൈവിട്ടു പോകാറുണ്ടെങ്കിലും സാമൂഹികമായ ഒട്ടേറെ ധർമങ്ങളും അവർ നിർവഹിക്കുന്നുണ്ട്. ലാഭേച്ഛയില്ലാതെ, പൊതുജനപങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഒരു സൈബർ ശൃംഖല തന്നെ ട്രോൾ പേജുകൾക്ക് പിന്നിലുണ്ട്. പല കോളേജുകളുടെയും പേരിൽ അവിടുത്തെ വിദ്യാർഥികൾ തുടങ്ങുന്ന ട്രോൾ പേജുകൾ ഉണ്ട്. ഇത്തരം പേജുകളിലൂടെ കോളേജുകളിലെ രസകരമായ സംഭവങ്ങൾ മാത്രമല്ല, അവിടുത്തെ പഠനസാഹചര്യങ്ങളും അനീതികളും ഒക്കെ പുറത്ത് വരാറുണ്ട്.

ട്രോളുകൾ മാത്രമല്ല, അവയ്ക്കടിയിൽ പ്രത്യക്ഷപ്പെടുന്ന വ്യക്തികളുടെ കമന്റുകളും ചിലപ്പോൾ ട്രോൾ ഉണ്ടാക്കിയതിനേക്കാൾ വലിയ പൊട്ടിച്ചിരികൾ ഉണർത്തിയെന്നു വരും. ഓരോ ട്രോൾ പോസ്റ്റ് വരുമ്പോഴും അതിൽ ചിരിക്കാനും ചിന്തിക്കാനും ചർച്ച ചെയ്യാനും അഭിപ്രായങ്ങൾ പങ്കുവെക്കാനും എല്ലാവർക്കും തുല്യ അവസരം കിട്ടുന്നു. പണ്ടത്തെ കവലകളിലെ ചായക്കടകളിൽ ഒത്തുകൂടിയിരുന്നവർ രാഷ്ട്രീയവും മറ്റു വാർത്തകളും ചർച്ച ചെയ്തിരുന്നത് പോലെ, ഇന്നത്തെ ന്യൂജെനറേഷന്റെ സൈബർ കവലയാണ് ഓരോ ട്രോളിടവും.

### 14 സെക്കന്റുകൾക്ക് പിന്നിലെ യുക്തിയും ഡിങ്കമതത്തിന്റെ ആവിർഭാവവും.

സമൂഹത്തിൽ അറിയപ്പെടുന്ന എതെങ്കിലും ഒരു വ്യക്തിയുടെ നാവൊന്നു പിഴച്ചാൽ, അന്ന് ട്രോളന്മാർക്ക് പെരുന്നാളാണ്. 14 സെക്കന്റ് നേരത്തിൽ കൂടുതൽ ഒരു പെൺകുട്ടിയെ ആരെങ്കിലും തുറിച്ചു നോക്കിയാൽ, അയാൾക്കെതിരെ കേസെടുക്കാം എന്ന് സാക്ഷാൽ ഋഷിരാജ് സിംഗ് ഒരു പൊതുവേദിയിൽ പറഞ്ഞതിനെ തുടർന്ന് ട്രോൾ പേജിൽ ഉണ്ടായ കോളിളക്കങ്ങൾ ചെറുതൊന്നുമല്ല. തലങ്ങും വിലങ്ങും നിരന്തരം വന്ന് കൊണ്ടിരുന്ന ട്രോളുകൾ വലിയ ചർച്ചകൾക്ക് വഴിതെളിച്ചു. ഋഷിരാജ് സിംഗിനെ പിന്തുണച്ചും പരിഹസിച്ചും ആൺപെൺഭേദമില്ലാതെ ഫേസ്ബുക്ക് ജീവികൾ രംഗപ്രവേശം ചെയ്തു. അദ്ദേഹത്തിന് മുൻപ്, സംസ്ഥാന ചലച്ചിത്ര അവാർഡ് പ്രഖ്യാപന വേളയിൽ മുൻമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണന് സംഭവിച്ച പിഴവുകളെയും ട്രോളന്മാർ ആഘോഷിച്ചു. ഇങ്ങനെ ഒരു വ്യക്തിയെ ട്രോളുകൾ കൊണ്ടോ കമന്റുകൾ കൊണ്ടോ ആക്രമിക്കുന്നതിന് മലയാളികൾ പറയുന്നത് '***പൊങ്കാലയിടുക***' എന്നാണ്.

സച്ചിനെ അറിയില്ലെന്ന് പറഞ്ഞ മരിയ ഷറപ്പോവയുടെ ഫേസ്ബുക്ക് പേജിൽ കേറി മലയാളികൾ പൊങ്കാലയിട്ടത് ഓർമയില്ലേ? പച്ചമലയാളം ഫോണ്ടിൽ തുരുതുരെ വന്നുകൊണ്ടിരുന്ന കമന്റുകൾ കണ്ട് കാര്യമെന്തെന്നറിയാതെ വിദേശികൾ മൂക്കത്ത് വിരൽ വെച്ചു. പ്രധാനമന്ത്രിപഥമേറിയതിനുശേഷം നരേന്ദ്ര മോഡി നടത്തിയ യാത്രകളും ഒരുകാലത്ത് ട്രോളന്മാരുടെ ഇഷ്ടവിഭവമായിരുന്നു. കേരളത്തിൽ തെരുവുനായ്ക്കൾ മനുഷ്യരെ കടിച്ചു കീറുന്ന വാർത്തകൾ പരക്കുന്ന സമയത്ത്, മലയാളികൾ നായകളോട് ക്രൂരത കാട്ടുന്നു എന്നാരോപിച്ച മേനകഗാന്ധിയും ട്രോളന്മാരുടെ ട്രോളിന്റെ ചൂടെന്തെന്നറിഞ്ഞു. പ്രശസ്ത അവതാരക രഞ്ജിനി ഹരിദാസ്, കസബ സിനിമയിലെ പോസ്റ്ററിൽ കൗതുകകരമായ രീതിയിൽ പോസ് ചെയ്തെത്തിയ നടൻ മമ്മൂട്ടി, (ട്രോളുകൾ കാരണം ഹിറ്റായ മലയാളത്തിലെ ആദ്യസിനിമയായി കസബ), പതഞ്ജലിയുടെ ആചാര്യൻ ശ്രീ ബാബാ രാംദേവ് എന്നിങ്ങനെ നീളുന്നു പൊങ്കാല കിട്ടിയ പ്രശസ്ത വ്യക്തികളുടെ നീണ്ട നിര.

എസ്.എം.എസ്സുകൾ വഴിയുള്ള തമാശകളും തത്വചിന്തകളും ഒക്കെ വ്യാപകമായി ഫോർവേഡ് ചെയ്യപ്പെട്ടു കൊണ്ടിരുന്ന കാലം മുതൽ ഏറ്റവുമധികം തലവേദന സൃഷ്ടിച്ച ചില സന്ദേശങ്ങൾ ഉണ്ട്; ഈ മെസ്സേജ് 10 പേർക്ക് ഫോർവേഡ് ചെയ്യുക, ഇല്ലെങ്കിൽ നിങ്ങളെ നിർഭാഗ്യം പിന്തുടരും, അല്ലെങ്കിൽ നിങ്ങളോ നിങ്ങളുടെ പ്രിയപ്പെട്ടവരോ കൊല്ലപ്പെടും എന്നിങ്ങനെയുള്ള പടച്ചുവിടലുകൾ പിന്നീട് വാട്ട്സാപ്പിലും ഫേസ്ബുക്കിലും ഒക്കെ ചേക്കേറാൻ തുടങ്ങി. ഒരു പോസ്റ്റിനു 1000 ലൈക് കിട്ടിയാൽ കാൻസറിനു വരെ രോഗമുക്തി കിട്ടുമെന്ന് പ്രചരിപ്പിച്ചു കളഞ്ഞു ചില വിരുതന്മാർ. ദൈവങ്ങളുടെ ചിത്രങ്ങളുടെ അകമ്പടിയോടെ വരുന്ന ഇത്തരം പോസ്റ്റുകൾ കണ്ട് വിശ്വസിച്ച സാധാരണക്കാർ അവ തുരുതുരെ തങ്ങളുടെ പ്രൊഫൈലിൽ ഷെയർ ചെയ്യാൻ തുടങ്ങി. സ്വതന്ത്ര ചിന്തക്കും പുരോഗമനപരമായ ആശയങ്ങൾക്കുമുള്ള വേദിയായി ഫേസ്ബുക്ക് ഉൾപ്പെടെയുള്ള സൈബർമീഡിയയെ കണ്ടിരുന്നവർക്ക് ഇത്തരം മൂഢത്തരങ്ങൾ അസഹനീയമായി തോന്നി. മതത്തിന്റെ മേമ്പൊടിയോടെ നടക്കുന്ന കാമ്പില്ലാത്ത ഇത്തരം പോസ്റ്റുകളുടെ വൻ പ്രചരണം വ്യക്തികളെ എത്രത്തോളം അലോസരപ്പെടുത്തുന്നു എന്ന് കാണിക്കാൻ ഏതാനും സ്വതന്ത്രചിന്തകർ ചേർന്ന് രൂപം കൊടുത്ത പ്രതീകാത്മകദൈവമാണ് ***ഡിങ്കൻ***.

കുട്ടികളുടെ മാസികയായ ബാലഭൂമിയിലെ കഥാപാത്രമായ ഡിങ്കനെ ദൈവമാക്കി ഉയർത്തിയത് ഒട്ടേറെ ചിരിയും ചിന്തയും ഉണർത്തി. ഇതിൽ വലിയ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയ ട്രോളന്മാർ സംഗതി വൈറലാക്കി. മതങ്ങളുടെ പേരിൽ ഓൺലൈൻ ആയി ശല്യം ചെയ്യുന്നവരെ അതേ നാണയത്തിൽ തിരിച്ചടിക്കുക എന്ന ഉദ്ദേശമായിരുന്നു ഇതിനു പിന്നിൽ. പക്ഷേ സംഭവം ചില യുക്തിവാദി സംഘടനകൾ ഏറ്റെടുക്കുകയും അവർ കേരളത്തിൽ പലയിടത്തും ഡിങ്കമത പ്രചാരണറാലികൾ സംഘടിപ്പിച്ചു ഞെട്ടിക്കുകയും ചെയ്തു. അങ്ങനെയാണ് ഡിങ്കമതം ആവിർഭവിക്കുന്നത്. ഡിങ്കൻ ധരിച്ചിരുന്ന ചുവന്ന അടിവസ്ത്രത്തെ വിശുദ്ധ ചിഹ്നമായും ഡിങ്കന്റെ ഇഷ്ടഭക്ഷണമായ കപ്പയെ വിശുദ്ധഭക്ഷണമായും ബാലമംഗളത്തെ വിശുദ്ധഗ്രന്ഥമായും അവരോധിച്ച്, കേരളത്തിൽ പുതിയൊരു മതം തന്നെ സ്ഥാപിച്ചുകളഞ്ഞു ട്രോളന്മാർ. ഇത് മതവിശ്വാസികളെ കുറച്ചൊന്നുമല്ല ചൊടിപ്പിച്ചത്.


### ട്രോളുകൾക്ക് സെൻസറിംഗ്?

ഇത്തരം പൊങ്കാലയിടലുകൾ പലപ്പോഴും ഒരു വ്യക്തിയുടെ സ്വകാര്യതയിലേക്ക് കടന്നുകയറുകയും അവരെ അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നു എന്ന വാദം പ്രബലമാണ്. ട്രോൾ പേജുകളിൽ വരുന്ന പോസ്റ്റുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തണം എന്ന ആവശ്യവും ഉയരാറുണ്ട്. ഇന്റർനെറ്റ് എന്ന ഭീമമായ ഒരു മാധ്യമത്തിൽ വരുന്ന ഓരോ പോസ്റ്റുകളെയും സെൻസർ ചെയ്യുക എന്നത് പ്രായോഗികമല്ല. സ്വതന്ത്രമായി, നിയന്ത്രണങ്ങൾ ഇല്ലാതെ ആശയങ്ങൾ തുറന്നുകാട്ടാൻ ലോകത്ത് അവശേഷിക്കുന്ന ഒരേയൊരു വേദിയായിട്ടാണ് ഇന്റർനെറ്റ് നിലനിൽക്കുന്നത്.

ട്രോൾ പേജുകളിൽ വരുന്ന പോസ്റ്റുകളുടെ ഉത്തരവാദിത്വം പേജ് അഡ്മിൻമാർക്കായിരിക്കും എന്ന് പറയാമെങ്കിലും, അത് സൃഷ്ടിക്കുന്നത് അഡ്മിൻമാർ അല്ല. പൊതുജനങ്ങളിൽ നിന്ന് ശേഖരിക്കുന്ന ട്രോളുകൾ അഡ്മിന്മാർ പേജുകളിൽ പോസ്റ്റ് ചെയ്യുക മാത്രമാണ് ചെയ്യുന്നത്. അവയിൽ ഏത് പോസ്റ്റ് ചെയ്യണം, ചെയ്യരുത് എന്ന് തീരുമാനിക്കാനുള്ള വിവേചനബുദ്ധി അഡ്മിൻമാർക്ക് ഉണ്ട്. ഇവരുടെ ഈ ഉത്തരവാദിത്വം, ഒരു പത്രസ്ഥാപനത്തിലെ എഡിറ്ററിന് തുല്യമാണ് എന്ന് വേണമെങ്കിൽ പറഞ്ഞ് വെക്കാം. എന്നാൽ ഒരു ട്രോൾ പേജിനു തന്നെ 10 മുതൽ 50 വരെ അഡ്മിൻമാർ ഉണ്ടാകാറുണ്ട്.













നിക്ഷ്പക്ഷതയിലാണ് ട്രോളുകളുടെ ജീവൻ.ഏതെങ്കിലും ഒരു വിഭാഗത്തെ പ്രീണിപ്പിക്കുന്നതരത്തിലുള്ള പോസ്റ്റുകൾക്ക് താഴെ മറുവിഭാഗം ശക്തമായിപ്രതികരിക്കാറുണ്ട്. അങ്ങനെയുള്ള പേജുകൾക്ക് ഫോളോവേഴ്സിനെ ഗണ്യമായി നഷ്ടപ്പെടുകയും ചെയ്യാറുണ്ട്. ഇന്റർനെറ്റിൽ നിക്ഷ്പക്ഷത ആഗ്രഹിക്കുന്നു ആളുകൾ എന്നതിന് തെളിവാണിത്. എന്തിനെയും തുറന്ന മനസ്സോടെ അഭിനന്ദിക്കാനും വിമർശിക്കാനും ഉള്ള ഇടങ്ങളായി തന്നെ ട്രോളിടങ്ങൾ നിൽക്കുന്നതാണ് ആരോഗ്യകരം.

### ട്രോളുകൾ എന്നാൽ കളിയാക്കലുകൾ മാത്രമോ?

ട്രോളുകളെ തമാശയായി മാത്രം കാണുകയും അതിനെ ആസ്വദിക്കുകയും ചെയ്യുന്ന ഒട്ടേറെ പ്രശസ്തരുണ്ട്. യുവനടന്മാരായ അജു വർഗീസ്, ടോവിനോ തോമസ് എന്നിവർ ഉദാഹരണം. പ്രശസ്ത സിനിമാനടന്മാരുടെ എക്കാലത്തും ഓർക്കപ്പെടുന്ന തമാശ രംഗങ്ങളും ഡയലോഗുകളുമാണ് ട്രോളന്മാരുടെ ഇഷ്ടചേരുവകൾ. ദേശീയ അവാർഡ് ജേതാവായ സലിംകുമാറും എം.പി ആയ ഇന്നസെന്റും ജഗദീഷും ഒക്കെയാണ് അവരുടെ ഇഷ്ടതോഴർ. സിനിമാക്കാരുടെ നിത്യഹരിതസൃഷ്ടികളുടെ പുനർപതിപ്പാണ് മിക്ക ട്രോളുകളും.

കോഴിക്കോടിന്റെ 'കളക്ടർ ബ്രോ' എന്നറിയപ്പെട്ടിരുന്ന മുൻകളക്ടർ പ്രശാന്തിനെ ഫേസ്ബുക്കിൽ താരമാക്കിയത് അദ്ദേഹത്തിന്റെ സദ്പ്രവർത്തികളെ മുന്നിൽ നിർത്തിക്കൊണ്ടുള്ള 'പോസിറ്റീവ്' ട്രോളുകൾ തന്നെയായിരുന്നു.

ട്രോളുകൾ ആളുകളെ കളിയാക്കാൻ മാത്രമുള്ളതാണ് എന്ന ധാരണ തെറ്റാണ്. നല്ല കാര്യങ്ങൾക്ക് വേണ്ടി ട്രോളുകളെ പ്രയോജനപ്പെടുത്തുന്നവരും ഉണ്ട്. ആദരണീയരായ വ്യക്തികൾ മരിക്കുമ്പോൾ അവരോടുള്ള ബഹുമാന സൂചകമായി ഒരു ദിവസത്തേക്ക് ട്രോളുകൾ ഒന്നും തന്നെ പോസ്റ്റ് ചെയ്യാതെയിരിക്കുന്ന ട്രോൾ പേജുകൾ വരെ ഉണ്ട്.

നല്ലൊരു വാർത്താമാധ്യമം കൂടിയാണ് ട്രോൾ പേജുകൾ. അച്ചടിദൃശ്യ മാധ്യമങ്ങൾ പലകാരണങ്ങൾ കൊണ്ടും മറച്ചുവെക്കുന്ന വാർത്തകളെ ഏറ്റെടുത്ത് പുറത്തുകൊണ്ടുവരുവാനും ട്രോൾ പേജുകൾക്ക് മടിയില്ല. യുവതലമുറയുടെ ധീരമായ നിലപാടുകളാണ് ട്രോളുകളായി പ്രത്യക്ഷപ്പെടുന്നത്. ഓരോ ട്രോളുകളുടെ താഴെയുംആയിരക്കണക്കിന് കമന്റുകൾ പ്രത്യക്ഷപ്പെടാറുണ്ട്. അവയിൽ നിന്ന് നല്ലതും ചീത്തയും തിരഞ്ഞെടുക്കുന്നത് എളുപ്പമല്ല. ഇന്റർനെറ്റിൽ ഏതൊരാൾക്കും തങ്ങളുടെ അഭിപ്രായം പറയുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും അവകാശമുണ്ട്.

വ്യക്തികേന്ദ്രീകൃതമായ അപഹാസ്യങ്ങൾ മാത്രമല്ല ട്രോളുകളുടെ ഉദ്ദേശം. നിരുപദ്രവകരമായ നിത്യജീവിതത്തിലെ തമാശകൾ, സമൂഹത്തിന്റെ നന്മയിലൂന്നിക്കൊണ്ടുള്ള ചില സന്ദേശങ്ങൾ എന്നിവയും അതിൽ ഉണ്ടാകാറുണ്ട്. അന്ധവിശ്വാസങ്ങൾ, അഴിമതി, രാഷ്ട്രീയത്തിലെ കള്ളത്തരങ്ങൾ, നേതാക്കന്മാരുടെ ഇരട്ടത്താപ്പുകൾ എന്നിവയൊക്കെ ട്രോളുകളുടെ പിറവിക്ക് കാരണമാകുന്നു. ചിരിയിലൂടെ ചിന്തയിലേക്കും മാറ്റത്തിലേക്കും സമൂഹത്തെ കൊണ്ടുവരുവാനുള്ള ചാലകശക്തിയായി പ്രവർത്തിക്കാൻ ട്രോളുകൾക്ക് കഴിയും.